# മലങ്കരയിൽ കബറടങ്ങിയ സുറിയാനിക്കാരായ പിതാക്കന്മാർ

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

J. S. C. Publications
Patriarchal Centre
Puthencruz

2017

# മലങ്കരയിൽ കബറടങ്ങിയ സുറിയാനിക്കാരായ പിതാക്കന്മാർ

Cor-Episcopo K. Mani Rajan

First Edition 2017

*Copyright Reserved*

*All rights reserved. No reproduction or translation in whole or part is allowed without written permission from the author.*

*Price* Rs. 45.00

*Typesetting and Cover Design by:*
Julius C. Abraham, megapixel Graphics, Kottayam

*Printed at:*
Mor Julius Press, Puthencruz

*Published By:*
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

*Phone: + 91 484 2255581, 3299030*

*Copies:* 1000

# ഉള്ളടക്കം

*ആമുഖം*....................................................................................v

1. മോർ അഹത്തുള്ള ബാവാ ................................................1
2. പരിശുദ്ധനായ മോർ ഗ്രീഗോറിയോസ്
അബ്ദുൾ ജലീൽ ബാവാ ..................................................4
3. മോർ ബസ്സേലിയോസ് യൽദോ മഫ്രിയാന...................7
4. മോർ അന്ത്രയോസ് ബാവാ (കല്ലട)................................ 11
5. മോർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ ......... 14
6. മഫ്രിയാൻ
മോർ ബസ്സേലിയോസ് ശക്രള്ളാ മൂന്നാമൻ ............... 19
7. മോർ ഗ്രിഗോറിയോസ് യൂഹാനോൻ ............................23
8. മോർ ഈവാനിയോസ് യൂഹാനോൻ.............................26
9. പരിശുദ്ധനായ
മോർ കൂറീലോസ് യൂയാക്കീം ബാവ ............................29
10. മോർ അത്താനാസിയോസ് ശെമവൂൻ ബാവാ ............34
11. പരിശുദ്ധനായ
മോർ ഒസ്താത്തേവോസ് സ്ലീബാ ബാവാ....................37
12. പരിശുദ്ധനായ
മോറാൻ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ....44
13. അന്ത്യോഖ്യാ പ്രതിനിധി
മോർ യൂലിയോസ് ഏലിയാസ് ബാവാ ......................... 51

*References*.......................................................................... 55

*Name Index*......................................................................... 57

*Books by the Author* ............................................................ 59

*ഗ്രന്ഥകർത്താവ്* ......................................................................63

# ആമുഖം

*'മലങ്കരയിൽ കബറടങ്ങിയ സുറിയാനിക്കാരായ പിതാക്കന്മാർ'* എന്ന ഈ പുസ്തകത്തിൽ പതിമൂന്ന് പിതാക്കന്മാരുടെ ജീവചരിത്രങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയെല്ലാം മുമ്പ് പ്രസിദ്ധീകരിച്ച 8 വാല്യങ്ങളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവയെല്ലാം ഒരു പുസ്തകമായി പ്രസിദ്ധീകരിക്കണമെന്ന അഭ്യർത്ഥന മാനിച്ചാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

പരിശുദ്ധന്മാരായ അന്ത്യോഖ്യാ പാത്രിയർക്കീസന്മാരും ശ്രേഷ്ഠരായ മഫ്രിയാന്മാരും മെത്രാപ്പോലീത്തന്മാരും റമ്പാച്ചന്മാരും കശ്ശീശന്മാരും ശെമ്മാശന്മാരും വിദേശ രാജ്യങ്ങളിൽ നിന്ന് (ടർക്കി, സിറിയ, ഇറാക്ക്, യെരുശലേം) മലങ്കരയിൽ വരികയും പൗരോഹിത്യ നൽവരം പ്രദാനം ചെയ്യുകയും ശുശ്രൂഷകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ആ പിതാക്കന്മാരിൽ പതിമൂന്ന് പേർ മലങ്കരയുടെ മണ്ണിൽ അവരുടെ ജീവിതം അർപ്പിച്ചവരാകുന്നു. ഇപ്രകാരം ഒരു പുസ്തകം രചിക്കുന്നതിന് രണ്ടു കാരണങ്ങളുണ്ട്: (1) മലങ്കരസഭയിലെ പൗരോഹിത്യ പിൻതുടർച്ചയുടെ ചരിത്രം ഇന്നത്തെ തലമുറയെ പരിചയപ്പെടുത്തുക (2) മലങ്കര സഭയിൽ ശുശ്രൂഷ ചെയ്ത പിതാക്കന്മാരെ നന്ദിയോടെ അനുസ്മരിക്കുവാൻ കടപ്പെട്ടിരിക്കുന്നു എന്ന അവബോധം സൃഷ്ടിക്കുക എന്നുള്ളതുമാണ് ചില ഗ്രന്ഥകർത്താക്കന്മാർ മേൽപ്പറഞ്ഞ പിതാക്കന്മാരെ ഇകഴ്ത്തി കാണിക്കുന്നതിനും അവരുടെ ശുശ്രൂഷകളെ നിസാരവൽക്കരിക്കുന്നതിനും ശ്രമിക്കുന്നുവെന്നത് ഖേദകരമാണ്.

വേദവിപരീതങ്ങളും സാമ്രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരങ്ങളും സുറിയാനി ഓർത്തഡോക്സ് സഭയിൽ പ്രശ്നങ്ങളും ഭിന്നിപ്പുകളും ഉണ്ടാക്കിയിട്ടുണ്ട് എന്നതു ചരിത്രവസ്തുതയാണ്. തദ്ദേശീയ സ്വയംശീർഷക സഭ എന്ന ആശയവും

ഭിന്നിപ്പിന്നടിസ്ഥാനമാണ്. അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ അനുസരിപ്പിക്കുന്നതുപോലെ: ''നിങ്ങളിൽ ഓരോരുത്തൻ ഞാൻ പൗലോസിന്റെ പക്ഷക്കാരൻ, ഞാൻ കീപ്പായുടെ പക്ഷക്കാരൻ, ഞാൻ മ്ശിഹായുടെ പക്ഷക്കാരൻ എന്നു പറയുന്നുണ്ടത്രെ. മ്ശിഹാ വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? അഥവാ, പൗലോസാണോ നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടത്?'' (1 കൊരി. 1:12,13). വീണ്ടും ശ്ലീഹായുടെ വാക്കുകളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ഞാൻ നട്ടു, അപ്പല്ലോസ് നനച്ചു. ദൈവം വളർത്തി. ആകയാൽ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല, പിന്നെയോ, വളർത്തുന്നവനായ ദൈവം മാത്രമാണ് എല്ലാം'' (1 കൊരി. 3:6,7). സാമ്പത്തിക നേട്ടങ്ങളും അധികാരമോഹങ്ങളും ലക്ഷ്യമാക്കുന്നവർ വികലമായ ക്രിസ്തീയ സാക്ഷ്യമാണ് നൽകുന്നത്.

തർക്കങ്ങളും വേദവിപരീതങ്ങളും എല്ലാക്കാലത്തും സഭയിലുണ്ടായിട്ടുണ്ടെങ്കിലും കർത്താവായ യേശുമ്ശിഹായുടെ വാഗ്ദത്തം മാറ്റമില്ലാത്തതാണ്. ''നീ കീഫോയാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല'' (മത്താ. 16:18). ഈ വാഗ്ദാനമാണ് സുറിയാനിക്കാരായ പിതാക്കന്മാരിലൂടെ നിറവേറുന്നത്.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത ജെ. എസ്. സി. പ്രസിദ്ധീകരണ വിഭാഗത്തോടും അതിന്റെ പ്രവർത്തകരോടുമുള്ള നന്ദിയറിയിക്കുന്നു. ഈ പുസ്തകത്തിന്റെ ഡി.റ്റി.പി. ജോലികൾ നിർവ്വഹിക്കുകയും കവർ രൂപകൽപന ചെയ്യുകയും ചെയ്ത ശ്രീ. ജൂലിയസ് സി. ഏബ്രഹാമിനോടുള്ള നന്ദിയറിയിക്കുന്നു.

മലങ്കരയിലെ സുറിയാനി സഭയെ ശുശ്രൂഷിച്ച സുറിയാനിക്കാരായ പിതാക്കന്മാരുടെ ജീവചരിത്രവും ശുശ്രൂഷകളും മനസ്സിലാക്കുന്നതിന് ഈ പുസ്തകം പ്രയോജനപ്പെടുമെന്ന് ആശിക്കുന്നു.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**
08 സെപ്റ്റംബർ 2017

# മോർ അഹത്തുള്ള ബാവാ

(ഏ. ഡി. ? - 1653)

സത്യവിശ്വാസ സംരക്ഷണാർത്ഥം മലങ്കരയിലേക്കെഴുന്നെള്ളിയ പരിശുദ്ധ പിതാക്കന്മാർ (പ്രധാനമായും യെരൂശലേം, തുർക്കി, സിറിയ, ഇറാക്ക്, എന്നീ രാജ്യങ്ങളിൽ നിന്ന്) നിരവധി ബുദ്ധിമുട്ടുകളും വെല്ലുവിളികളും സഹിക്കുകയും അവരുടെ ജീവൻ തന്നെ ബലിയായി കൊടുക്കുകയും ചെയ്തിട്ടുണ്ട്. പതിനേഴാം നൂറ്റാണ്ടിൽ മലങ്കര സുറിയാനി സഭയെ നയിച്ചിരുന്ന തോമാ അർക്കദിയക്കോൻ തുടർച്ചയായി അയച്ച കത്തുകളുടെ അടിസ്ഥാനത്തിലാണ് മോർ അഹത്തുള്ള ബാവാ അന്ത്യോഖ്യായിൽ നിന്ന് മലങ്കരയിലേക്കയയ്ക്കപ്പെട്ടത്. തന്റെ ആടുകളുടെ ബുദ്ധിമുട്ടുകളായിരുന്നു തോമാ ആർക്കദിയക്കോൻ അറിയിച്ചിരുന്നത്.

മോർ അഹത്തുള്ള ബാവ ഏ. ഡി. 1653ൽ മലങ്കരയിലെത്തി. ഏ. ഡി. 1599 ലെ ഉദയംപേരൂർ സുന്നഹദോസിനുശേഷം മലങ്കരസഭ, റോമൻ കത്തോലിക്കസഭയുടെ അധികാരത്തിൻ കീഴിലായിരുന്നു. മധ്യപൂർവ്വദേശത്തുനിന്നും മെത്രാപ്പോലീത്തന്മാർ വന്നിറങ്ങാൻ സാദ്ധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും പോർത്തുഗീസ് പട്ടാളക്കാർ കാവൽ നിൽക്കുന്നതിനു പോർത്തുഗീസുകാരായ മെത്രാന്മാർ ഏർപ്പാടു ചെയ്തിരുന്നു.

മലങ്കരയിലെ ആത്മീയ മക്കളുടെ അടുക്കലേക്ക് അയയ്ക്കപ്പെട്ട മോർ അഹത്തുള്ള ബാവാ ഏ. ഡി. 1653ൽ സൂറത്തിലെത്തി. പോർത്തുഗീസുകാരിൽനിന്നും വിവരം അറിഞ്ഞതനുസരിച്ച് ഗോവ ഭരണാധികാരി ബാവായെ ബന്ധിച്ച് മൈലാപ്പൂരിൽ തടവിലാക്കി.

മൈലാപ്പൂരിലെ വിശുദ്ധ മോർ തോമാശ്ലീഹായുടെ കബറിട സ്ഥലത്തേക്കു തീർത്ഥയാത്ര പോയ ചെങ്ങന്നൂരുകാരൻ ചെങ്ങയിൽ ഇട്ടിശെമ്മാശനും കുറവിലങ്ങാട്ടുകാരൻ കിഴക്കേടത്തു കുര്യൻ ശെമ്മാശനും ബാവായെ യാദൃശ്ചികമായി കണ്ടുമുട്ടി. അവർ ആശയവിനിമയം നടത്തുകയും അവരുടെ കൈവശം ബാവ ഒരു കൽപന കൊടുത്തയയ്ക്കുകയും ചെയ്തു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ‘‘ഞാൻ മലങ്കരയിലെത്തി തോമാ അർക്കദിയക്കോനെ മെത്രാപ്പോലീത്തയായി വാഴിക്കുന്നതാണ്. പോർത്തുഗീസുകാരാൽ പിടിച്ചു വയ്ക്കപ്പെട്ട് അവിടെ എത്താൻ സാധിക്കാതെ വന്നാൽ കശീശ്ശന്മാർ, മെത്രാപ്പോലീത്തന്മാർ എന്നിവരുടെ പട്ടംകൊട ഒഴികെയുള്ള എല്ലാ ഭരണ കാര്യങ്ങളും തോമാ അർക്കദിയാക്കോൻ നിർവ്വഹിക്കേണ്ടതാണ്.’’

മൈലാപ്പൂരിൽനിന്നും ബാവായെ വഹിച്ചുകൊണ്ട് ഗോവയിലെ പീഡനസ്ഥലത്തേക്ക് യാത്ര തിരിച്ച കപ്പൽ കൊച്ചിയിൽ നങ്കൂരമിട്ടു. പരിശുദ്ധ പിതാവിനെ ഗോവയിലേക്കു കൊണ്ടുപോകുന്ന കപ്പൽ കൊച്ചിയിലെത്തിയെന്നറിഞ്ഞ് ഇരുപത്തയ്യായിരത്തോളം വരുന്ന വിശ്വാസികൾ തോമാ അർക്കദിയക്കോന്റെയും വൈദികരുടെയും നേതൃത്വത്തിൽ കൊച്ചി കോട്ടയിലെത്തി പിതാവിനെ വിട്ടുകിട്ടണമെന്നപേക്ഷിച്ചു. ആ സമയത്ത് കൊച്ചികോട്ടയിൽ മുന്നൂറോളം വരുന്ന പട്ടാളക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ കൊച്ചികോട്ടയിലേക്കുള്ള (കിടങ്ങിന്മേലുണ്ടായിരുന്ന) പാലം വലിച്ചുമാറ്റി പീരങ്കികളുമായി നിലയുറപ്പിച്ചു. നിസ്സഹായരായ വിശ്വാസികൾ കൊച്ചി രാജാവിന്റെ അടുക്കൽ സങ്കടം ബോധിപ്പിച്ചു.

കൊച്ചികോട്ടയുടെ ചുമതലുള്ള ഉദ്യോഗസ്ഥനെ കൊച്ചി രാജാവ് വിളിപ്പിക്കുകയും തടവിലാക്കിയിരുന്ന സുറിയാനിക്കാരുടെ ആത്മീയ പിതാവിനെ വിട്ടുകൊടുക്കുന്നതിന് ഉത്തരവു കൊടുക്കുകയും ചെയ്തു. പോർത്തുഗീസുകാർ അവരുടെ ഉപായത്താൽ അന്നു രാത്രിയിൽ ബാവായുടെ കഴുത്തിൽ തിരകല്ലു (millstone) കെട്ടി കടലിൽ മുക്കികൊന്നു. ഈ

കൊടുംക്രൂരത സുറിയാനിക്കാർ അറിഞ്ഞപ്പോൾ റോമൻ കത്തോലിക്ക സഭയുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിച്ചു. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ മട്ടാഞ്ചേരിയിലെ കൽക്കുരിശിൽ ആലാത്തുകെട്ടി കൂടിവന്ന ജനം ചെയ്ത പ്രതിജ്ഞയാണ് കൂനൻകൂരിശു സത്യം എന്നറിയപ്പെടുന്നത്. അഹത്തുള്ള ബാവായുടെ ഓർമ്മ ജനുവരി 16-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# പരിശുദ്ധനായ
# മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ
## (ഏ. ഡി. ? - 1671)

മലങ്കരയിലെ തോമാ അർക്കദിയാക്കോൻ പരിശുദ്ധ ഇഗ്നാത്തിയോസ് ശെമവൂൻ ഒന്നാമൻ പാത്രിയർക്കീസ് ബാവായ്ക്ക് (ഏ. ഡി. 1640-1659) ഓമീദുകാരനായ സ്റ്റേഫാൻ അസ്പർ ശെമ്മാശൻ വശം ഒരു അപേക്ഷ കൊടുത്തയച്ചു. അപേക്ഷയിൽ വിദ്യാസമ്പന്നനും, സുറിയാനിഭാഷാപണ്ഡിതനുമായ ഒരു പിതാവിനെ മലങ്കരയിലേക്ക് അയയ്ക്കണമെന്നപേക്ഷിച്ചിരുന്നു (Aphrem Paulose, 1964). മേൽപറഞ്ഞ അപേക്ഷ പരിഗണിച്ച് പ. അബ്ദേദ് മശിഹാ ഒന്നാമൻ പാത്രിയർക്കീസ് ബാവാ (ഏ. ഡി. 1662-1686) ഏ. ഡി. 1665ൽ മലങ്കരയിലേക്കയച്ച പിതാവാണ് പരിശുദ്ധനായ മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ.

അബ്ദുൾ ജലീൽ മൂസൽ പട്ടണത്തിൽ ജനിച്ചു. വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ചു. അബ്ദുൾ ജലീൽ റമ്പാനെ 1654ൽ തിമൊഥിയോസ് എന്നപേരിൽ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പ. ഇഗ്നാത്തിയോസ് ശെമവൂൻ ഒന്നാമൻ ബാവാ വാഴിച്ചു. മെത്രാപ്പോലീത്തായായി നിയമിതനായ ബാവാ 1664 വരെ ഓമീദിന്റെ മെത്രാപ്പോലീത്തായായി സ്തുത്യർഹമായ സേവനം നിർവഹിച്ചു. 1664-ൽ മോർ തിമൊഥിയോസ് അബ്ദുൾ ജലീൽ മെത്രാപ്പോലീത്തായെ ഊർശ്ലേമിന്റെ മെത്രാപ്പോലീത്തായായി നിയമിച്ചു. ആ സമയത്ത് ഊർശ്ലേം മെത്രാപ്പോലീത്തന്മാരുടെ സ്ഥാനപ്പേരായ ഗ്രീഗോറിയോസ് എന്ന നാമം നൽകപ്പെട്ടു.

ഹൂദായകാനോൻ അനുസരിച്ച് ലോകത്തിന്റെ നാല് ഭാഗങ്ങളുടെ എണ്ണമനുസരിച്ച് നാല് പാത്രിയർക്കീസന്മാരുണ്ടായിരിക്കണം. റോമ, അലക്സന്ത്ര്യ, കുസ്തന്തീനോസ്, അന്ത്യോഖ്യ എന്നിവയും ഊർശ്ലേമിലെ മെത്രാപ്പോലീത്തായ്ക്ക് ഇനിമേൽ അഞ്ചാം പാത്രിയർക്കീസ് എന്ന ബഹുമാനം ഉണ്ടായിരിക്കണം (Bar Ebroyo, 1994, p. 64). പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിലുള്ള ഊർശ്ലേം മെത്രാപ്പോലീത്താ പാത്രിയർക്കീസെന്നറിയപ്പെടുന്നതിന്റെ പശ്ചാത്തലത്തലമാണ് ഇവിടെ സ്പഷ്ടമാക്കിയത്.

യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ, കൂനൻകുരിശുസത്യത്തിലേക്കു നയിച്ച സംഭവത്തിനുശേഷം (ഏ. ഡി. 1653), ക്ലേശങ്ങൾ സഹിച്ച് ഊർശ്ലേം മെത്രാപ്പോലീത്തയായിരുന്ന (പാത്രിയർക്കീസെന്നറിയപ്പെട്ട) മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ 1665ൽ പായ്ക്കപ്പലിൽ യാത്രചെയ്ത് പൊന്നാനിയിൽ വന്നിറങ്ങി. മലങ്കരയിലെ സാഹചര്യങ്ങൾ മനസ്സിലാക്കി വേഷപ്രച്ഛന്നനായിട്ടാണ് ബാവാ പൊന്നാനിയിൽ ഏതാനും ദിവസങ്ങൾ തള്ളിനീക്കിയത്. പിന്നീട് ക്രിസ്ത്യാനികളായ കച്ചവടക്കാരെ കണ്ടുമുട്ടിയശേഷമായിരുന്നു മെത്രാപ്പോലീത്തയാണെന്ന് വെളിപ്പെടുത്തിയതും കോട്ടയത്തേക്കു യാത്രതിരിച്ചതും (Kurien Corepiscopa, 2003).

മലങ്കരയിലെത്തിയ ബാവാ 1665 (ജൂലൈ 1) മിഥുനം 17-ാം തീയതി തോമാ അർക്കദിയാക്കോനെ ഒന്നാം മാർ തോമ എന്നപേരിൽ എപ്പിസ്കോപ്പയായി വാഴിച്ചു. ഒന്നാം മാർതോമായും പരിശുദ്ധ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവായും ചേർന്ന് രണ്ടാം മാർതോമായെ വാഴിച്ചു. പരിശുദ്ധ ബാവായുടെ പിതാവ് വലിയ ധനികനായിരുന്നു. പിതൃസ്വത്തിൽ നിന്നും നല്ല ഒരു പങ്ക് മലങ്കരയിൽ കൊണ്ടുവന്ന് പറവൂർ പ്രദേശത്ത് തോറായ്ക്കൽ നിലം വാങ്ങുകയും ആ വസ്തുവകകൾ 1566-ൽ സ്ഥാപിതമായ വടക്കൻപറവൂർ സെന്റ് തോമസ് സുറിയാനിപള്ളിയുടേതായി തീരുകയും ചെയ്തു.

മലങ്കരസഭയിൽ സത്യവിശ്വാസം നിലനിർത്തുന്നതിന് പ. ബാവാ പള്ളികൾ സന്ദർശിക്കുകയും കൂദാശകൾ നിർവഹിക്കുകയും ഇടക്കാലത്ത് സഭയിൽ കടന്നുകൂടിയ വേദവിപരീതങ്ങൾ തിരുത്തുകയും ചെയ്തു. മലങ്കരസഭയുടെ യാക്കോബ് ബുർദോനൊ എന്നറിയപ്പെടുന്ന ബാവാ വി. കുർബ്ബാനയിൽ പാരമ്പര്യമനുസരിച്ച് പുളിപ്പുള്ള അപ്പം ഉപയോഗത്തിലാക്കി. നിർത്തലാക്കിയിരുന്ന പട്ടക്കാരുടെ വിവാഹം പുനരാരംഭിച്ചു. പള്ളികളിൽ രൂപങ്ങളും ബിംബങ്ങളും പ്രതിഷ്ഠിക്കുന്നതിനെ വിലക്കി. അന്നുണ്ടായിരുന്ന 69 പള്ളികളിൽ 45 പള്ളികളും പ. ബാവായെ സസന്തോഷം സ്വീകരിച്ചു (Kurien Corepiscopa, 1982, pp. 146 - 147).

വടക്കൻപറവൂർ സെന്റ് തോമസ് പള്ളിയിലാണ് ബാവ അന്ത്യനാളുകൾ ചിലവഴിച്ചത്. മരണസമയം മുമ്പേ ഗ്രഹിച്ച ബാവാ കുളിച്ച് അംശവസ്ത്രങ്ങൾ ധരിച്ച് പള്ളിയിൽ പ്രവേശിച്ച് 1671 ഏപ്രിൽ 27-ാം തീയതി (മേടമാസം 14) ഭാഗ്യമരണം പ്രാപിച്ചു. കാലം ചെയ്ത സമയത്ത് പള്ളിമണി താനെ മുഴങ്ങുകയും പടിഞ്ഞാറുവശത്തുള്ള കൽക്കുരിശ് മൂന്നുതവണ ചായുകയും നിവരുകയും ചെയ്തു. പള്ളിക്കകത്തും പുറത്തും അസാധാരണപ്രകാശം പരക്കുകയും ചെയ്തു.

പരിശുദ്ധ ബാവായുടെ ഓർമ്മപെരുന്നാൾ ഏപ്രിൽ 27-ാം തീയതി സുറിയാനിസഭ ആഘോഷിക്കുന്നു. എല്ലാ മാസവും 27-ാം തീയതി പരിശുദ്ധന്റെ പെരുന്നാൾ വടക്കൻപറവൂർ പള്ളിയിൽ ആചരിക്കുന്നു. വലിയപെരുന്നാൾ ദിവസം പ. ബാവ ഉപയോഗിച്ചിരുന്ന കാസ ഉപയോഗിച്ചാണ് ദിവ്യബലി അർപ്പിക്കുന്നത്. പ. ബാവ ഉപയോഗിച്ചിരുന്ന സ്ലീബായിൽ 12 അറകളിൽ 11-ലും വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളും ഒന്നിൽ കർത്താവിനെ കുരിശിച്ച കുരിശിന്റെ അംശവും അടക്കം ചെയ്തിട്ടുണ്ട്. ഈ സ്ലീബാ, പെരുന്നാൾദിവസം പൊതുവണക്കത്തിനായി പള്ളിയിൽ വയ്ക്കുന്ന പതിവുണ്ട്. പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ ഏപ്രിൽ 4, 2000-ലെ നമ്പർ 71/2000 കല്പനപ്രകാരം പ. ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

# മോർ ബസ്സേലിയോസ് യൽദോ മഫ്രിയാന

**(1593? - 1685)**

ഇറാഖിലെ മൂസലിനടുത്തുള്ള കാരക്കോശ് (Karakosh) ഗ്രാമത്തിൽ ഹ്ദായി എന്ന പ്രസിദ്ധ കുടുംബത്തിൽ യൽ ദോ ജനിച്ചു. കാരക്കോശ് എന്ന ഗ്രാമം മുൻപ് ബാക്കൂദൈദ (Bakudaida) എന്നും കൂദേദ് (Kooded) എന്നും അറിയപ്പെട്ടി രുന്നു. ബാല്യം മുതൽ യൽദോ കൂദേദ് ഗ്രാമത്തിനടുത്തുള്ള മോർ ബഹനാം ദയറായിൽ താമസിച്ചിരുന്നു.

1662ൽ പ. പാത്രിയർക്കീസ് യേശു രണ്ടാമൻ (Qamsheh) ബാവാ യൽദോ റമ്പാച്ചനെ മഫ്രിയാനയായി വാഴിച്ചു. മൂസൽ പട്ടണത്തിലെ മോർ മത്തായി ദയറായായിരുന്നു മഫ്രിയാ നയുടെ ആസ്ഥാനം. മോർ മത്തായി ദയറാ അറ്റകുറ്റ പണി തീർത്തതിനെ സംബന്ധിച്ച് മൂസൽ ഗവർണർ മോർ യൽദോ ബാവായെ ഗീവറുഗീസ്, ഇസഹാക് എന്നീ വന്ദ്യ റമ്പാച്ച ന്മാരോടുകൂടെ തടവിലാക്കുകയും വലിയ തുക പിഴയടപ്പി ക്കുകയും ചെയ്തു.

1677ൽ മോർ യൽദോ ബാവാ, ജസീറ ഭദ്രാസനത്തിനുവേ ണ്ടി ഗീവറുഗീസ് റമ്പാനെ മോർ ദിയസ്ക്കോറസ് എന്ന പേരിൽ മെത്രാപോലീത്തയായി വാഴിച്ചു. പിന്നീട് മോർ ദിയസ്ക്കോറസ് ഗീവറുഗീസ് മെത്രാപോലീത്തായെ പ. അബ്ദുൽ മിശിഹാ ഒന്നാമൻ പാത്രിയർക്കീസ് ബാവ മോർ യൽദോ മഫ്രിയാനയുടെ പിൻഗാമിയായി വാഴിച്ചു.

1684ൽ പ. അബ്ദുൾ മശിഹാ ഒന്നാമൻ പാത്രിയർക്കീസ് ബാവാ കുർക്കുമ ദയറായിൽ വച്ച് വി. മൂറോൻ കൂദാശ നടത്തുകയും മലങ്കര സഭയിലേക്ക് മേല്പട്ടക്കാർ പോകേണ്ട

തിന്റെ അത്യാവശ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. വി. മൂറോൻ കൂദാശയിൽ സംബന്ധിക്കുന്നതിനെത്തിയിരുന്ന മോർ ബസേലിയോസ് യൽദോ ബാവ തന്റെ പ്രായാധിക്യത്തിൽ (91 വയസ്സ്) ഈ ദൗത്യം ഏറ്റെടുത്തു.

മോർ യൽദോ ബാവാ തന്റെ ആസ്ഥാനമായ മോർ മത്തായി ദയറായിൽ എത്തി യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു (Aphrem, 1964; Varghese, 1998; Kurian Corepiscopa, 2003). മോർ യൽദോ ബാവായോടുകൂടെ സഹോദരൻ ജമ്മാ (Jamma), ദയറാക്കാരനായ ജോക്കോ, മത്തായി (മോർ മത്തായി മോർ ബഹനാം ദയറായിലെ) എന്നീ റമ്പാച്ചന്മാരും ബാക്കൂദൈദാ ഗ്രാമക്കാരനായ മോർ ഇവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പയും യാത്രതിരിച്ചു. ഈ അഞ്ചുപേരിൽ മോർ യൽദോ മഫ്രിയാന, എപ്പിസ്കോപ്പ, മത്തായി റമ്പാച്ചൻ എന്നീ മൂന്നുപേരായിരുന്നു മലങ്കരയിലെത്തിയത്.

1685ൽ ബസ്രയിൽനിന്ന് യാത്ര തിരിച്ച ബാവയും സംഘവും തലശ്ശേരിയിൽ വന്നിറങ്ങി. മലങ്കരസഭ പോർച്ചുഗീസുകാരുടെ ഭരണത്തിലായിരിക്കുമെന്ന് ഭയന്ന് വേഷപ്രച്ഛന്നരായി പള്ളിവാസലിലെത്തി. തലശ്ശേരിയിൽനിന്ന് പള്ളിവാസലിലേയ്ക്കുള്ള യാത്രയിൽ മറ്റു യാത്രക്കാരും ഉണ്ടായിരുന്നിരിക്കണം. ഒരിടത്തുവച്ച് ഒരു കടുവ ആക്രമിക്കാനൊരുങ്ങുകയും ബാവ സ്ളീബ ഉയർത്തി പ്രാർത്ഥിച്ചപ്പോൾ കടുവ ഓടി മറയുകയും ചെയ്തു. പള്ളിവാസലിൽ എത്തിയപ്പോൾ മറ്റു യാത്രക്കാർ ഇപ്പോഴത്തെ പവർഹൗസിനു സമീപം താമസിക്കുന്നതിനൊരുങ്ങുകയും ബാവ അല്പം കൂടി മാറി താമസിക്കുന്നതാണ് നല്ലതെന്നു പറഞ്ഞതനുസരിച്ച് അപ്രകാരം രാപാർക്കുകയും ചെയ്തു. പാതിരാത്രിയിൽ വലിയ മഴപെയ്ത് വെള്ളം പൊങ്ങുകയും സാധാരണ യാത്രക്കാർ താമസിക്കുന്ന സ്ഥലത്തു വിശ്രമിച്ച പലരും പെരുവെള്ള പാച്ചിലിൽ ഒഴുകിപ്പോകുകയും ചെയ്തു. പിറ്റേന്ന് ബാവ പള്ളിവാസലിൽ കുർബാന അർപ്പിച്ചു. ഈ സ്ഥലത്തി

ന്റെ പള്ളിവാസൽ (പള്ളിവാസം) എന്ന പേരിനടിസ്ഥാനം പ. ബാവായുടെ അവിടത്തെ വാസമാണെന്ന് അഭിപ്രായമുണ്ട്.

പള്ളിവാസലിൽ നിന്ന് വനത്തിലൂടെ കോഴിപ്പിള്ളി എന്ന സ്ഥലത്തെത്തി. അവിടെ ആടുമേയിച്ചുകൊണ്ടിരുന്ന ഒരു ചക്കാലനായരോട് ആ ദേശത്ത് പള്ളിയുണ്ടോ എന്നന്വേഷിച്ചു. ആടുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് വഴികാണിച്ചുതരാൻ നിവൃത്തിയില്ലെന്ന് നായർ അറിയിച്ചു. ബാവാ ഒരു വൃത്തം വരച്ച് ആടുകളെ (കന്നുകാലികളെ?) അതിനുള്ളിലാക്കി. അവ അതിനകത്തുതന്നെ നില്ക്കുന്നതു കണ്ട നായർ തന്റെ സഹോദരി പ്രസവവേദനയിലിരിക്കുന്നുവെന്ന വിവരം ബാവായെ അറിയിച്ചു. വെള്ളം വാഴ്ത്തികൊടുക്കുന്നതിന് നായർ തെങ്ങിൽ കയറാനൊരുങ്ങിയപ്പോൾ തെങ്ങ് താനെ ചാഞ്ഞുവന്നു. ബാവാ വാഴ്ത്തി കൊടുത്ത കരിക്കു കുടിച്ച് ആ സ്ത്രീ സുഖമായി പ്രസവിക്കുകയും ചെയ്തു.

ചക്കാലക്കുടിയിലെ തേക്കലക്കാട്ടു നായർ കുടുംബത്തിലെ പ്രായം കൂടിയ വ്യക്തിയാണ് ഇപ്പോഴും പെരുന്നാൾ റാസയ്ക്ക് കോലുവിളക്ക് പിടിക്കുന്നത്. നായർ ബാവായെ കോതമംഗലം ചെറിയ പള്ളിയിലേക്കു വഴി കാണിച്ചു. (കോതമംഗലം മാർ ത്തോമാ ചെറിയ പള്ളി എ. ഡി. 1455 കന്നിമാസം 13-ാം തീയതി സ്ഥാപിക്കപ്പെട്ടു). പള്ളിയിലെത്തിയ ബാവാ പള്ളിയുടെ തെക്കു പടിഞ്ഞാറു വശത്ത് കയറി ഇരുന്നു. പ. ബാവാ പള്ളിയിലെത്തിയത് 1685 കന്നിമാസം 7-ാം തീയതിയായിരുന്നു. പള്ളിയിലെത്തിയ സമയത്ത് പള്ളിയുടെ വാതിൽ താനെ തുറക്കുകയും പള്ളിമണി താനെ മുഴങ്ങുകയും ചെയ്തു. ഒരു വലിയ സഹനത്തിന്റെയും ത്യാഗത്തിന്റെയും അനുസരണത്തിന്റെയും സമാപ്തി. സ്വർഗ്ഗീയ അറകളിലേക്കുള്ള പ്രവേശനം പോലെ അനിർവാച്യമായിരിക്കുന്നു.

കോതമംഗലം ചെറിയ പള്ളിയിലെത്തിയ ബാവ കന്നി 14-ാം തീയതി മോർ ഇവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പായെ മെത്രാപോലീത്തയായി വാഴിച്ചു (Yacoub, 1958). യാത്രാക്ലേശത്താലും പ്രായാധിക്യത്താലും രോഗ

ബാധിതനായി 17-ാം തീയതി കന്തീല നടത്തി. കന്നി 19-ാം തീയതി (കോതമംഗലത്തെത്തിയതിന്റെ 13-ാം ദിവസം) ശനിയാഴ്ച ഉച്ചക്കുശേഷം 3 മണിക്ക് ബാവ കാലംചെയ്തു. ബാവാ കാലംചെയ്ത സമയത്ത് പള്ളി മുറ്റത്തെ കുരിശിൽ പ്രകാശം കാണപ്പെട്ടു. കന്നി 20-ാം തീയതി പ. ബാവയുടെ ഭൗതികശരീരം കബറടക്കപ്പെട്ടു. പ. ബസേലിയോസ് യൽദോ ബാവായുടെ ഓർമ്മ ഒക്ടോബർ 3-ാം തീയതി സഭ ആഘോഷിക്കുന്നു. പ. പാത്രിയർക്കീസ് ബാവായുടെ 1987 ലെ E 265/87 നമ്പർ കല്പനപ്രകാരം പരിശുദ്ധ യൽദോ ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

# മോർ അന്ത്രയോസ് ബാവാ (കല്ലട)

(ഏ. ഡി. ? - 1692)

മോർ അന്ത്രയോസ് ബാവാ ഏ. ഡി. 1678ൽ തുറബ്ദീനിൽ നിന്നും കേരളത്തിൽ വന്നെത്തി. ഇദ്ദേഹത്തോടു കൂടി മൂന്ന് സഹോദരന്മാരും വന്നിരുന്നു. ഇദ്ദേഹത്തിന്റ നിർമ്മലവും ഭക്തിയുള്ളതുമായ ജീവിതത്താൽ ഇദ്ദേഹത്തെ ഒരു വിശുദ്ധ നായി കരുതപ്പെടുന്നു. മോർ അന്ത്രയോസ് ബാവായോടുകൂടെ വന്ന മൂന്ന് സഹോദരന്മാരിൽ ഒരാൾ റമ്പാനായിരുന്നു. മുളന്തുരുത്തി പള്ളി ഇവരെ യോഗ്യമായി സ്വീകരിക്കുകയും ദീർഘകാലം അവിടെ താമസിക്കുകയും ചെയ്തു. ഏതോ കാരണത്താൽ അവർ മുളന്തുരുത്തിയിൽനിന്ന് വിട്ടുപോരേണ്ട സാഹചര്യം ഉണ്ടായി[1]. അവർ പിറവം, മണർകാട്, പുത്തൻകാവ് എന്നീ ദേശങ്ങൾ ചുറ്റി സഞ്ചരിച്ച് (ഇളശ്ശേരി മണപ്പുറത്ത്) കല്ലടയിലെത്തി. മോർ അന്ത്രയോസ് ബാവ 1692 മാർ 2-ാം തീയതി കാലംചെയ്ത് കല്ലട പള്ളിയിൽ കബറടക്കി. അതിനുശേഷം സഹോദരന്മാർ കേരളത്തിന്റെ വടക്കുഭാഗത്തേക്ക് യാത്രയായി. ചെന്നിത്തലയിൽ വച്ച് സഹോദരനായ റമ്പാൻ കാലംചെയ്യുകയും അവിടെ കബറടക്കുകയും ചെയ്തു. വിശ്വാസികൾ ഈ കബർ ഒരു വിശുദ്ധ സ്ഥലമായി കരുതിവരുന്നു.

---

*1 ബാവാ ഉദരരോഗിയായിരുന്നതിനാൽ ഒരു നാട്ടുവൈദ്യന്റെ ചികിത്സയിൽ സൗഖ്യം ഉണ്ടായി. എന്നാൽ ഗുണമുള്ളതും ലഹരിക്കുന്നതുമായ ഈ ഔഷധം മദ്യമാണെന്ന് ആരോപിച്ച് ബാവായ്ക്ക് പ്രാർത്ഥിക്കുന്നതിന് പള്ളിയുടെ വാതിൽ തുറന്നു കൊടുത്തില്ല. ബാവാ മാർത്തോമായുടെ മധ്യസ്ഥത യാചിച്ചപ്പോൾ പള്ളിയുടെ വാതിൽ താനേ തുറന്നു.*

മോർ അന്ത്രയോസ് ബാവായോടുകൂടെ വന്ന മറ്റു രണ്ടു സഹോദരന്മാർ കുറവിലങ്ങാട് സന്ദർശിച്ച ശേഷം മുളന്തുരുത്തി പള്ളിക്കു സമീപമുള്ള ശ്രാമ്പിക്കലിൽ താമസമാക്കി. ജോസഫ് എന്നയാൾ പലശ്ശന കുടുംബത്തിൽനിന്നു വിവാഹം കഴിച്ച് പടിഞ്ഞാറെ അങ്ങാടിയുടെ വടക്കു ഭാഗത്തായി താമസിച്ചുവന്നു. അവരിൽനിന്നു ജനിച്ചു രണ്ടു മക്കളിൽ ഒരാൾ കാട്ടുമങ്ങാട്ടു കുടുംബത്തിൽനിന്നും മറ്റേയാൾ തണങ്ങാട്ടിൽ കുടുംബത്തിൽനിന്നും വിവാഹം ചെയ്തു. മുളന്തുരുത്തിയിലെ കുടുംബങ്ങളിൽ ഭൂരിഭാഗവും ഈ രണ്ടു കുടുംബങ്ങളിൽനിന്നുള്ള സന്തതിപരമ്പകളാണ്.

മേൽപറഞ്ഞ പുരാതന കുടുംബങ്ങളിൽനിന്നുള്ളവരാണ് മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ തൊഴിയൂർ (അഞ്ഞൂർ) പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ബാവായും പരുമല കബറടങ്ങിയിരിക്കുന്ന ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് ഗീവർഗ്ഗീസ് തിരുമേനിയും. ഒരു പുരാതന കുടുംബമായ കാട്ടുമങ്ങാട്ട് കുടുംബത്തിൽനിന്നും പുരോഹിതന്മാരും സാംസ്കാരിക നേതാക്കന്മാരും ഉണ്ടായിട്ടുണ്ട്.

മോർ അന്ത്രയോസ് ബാവായുടെ യാത്രയുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യം നിലവിലുണ്ട്. മധ്യതിരുവിതാംകൂറിലെ ഒരു കുടുംബം ബാവായെ വേണ്ടവിധം ബഹുമാനിച്ചിരുന്നില്ല. അവർ അദ്ദേഹത്തിന് ചക്കപ്പഴം ഭക്ഷിക്കുവാൻ കൊടുക്കുകയുണ്ടായി. ചക്കപ്പഴം കഴിച്ചശേഷം കൈ തുടക്കുന്നതിനു പഞ്ഞി കൊടുക്കുകയും അത് പറ്റിപ്പിടിച്ച് ബാവാ ബുദ്ധിമുട്ടിലാകുകയും ചെയ്തു. ഇതേ തുടർന്ന് ബാവായെ കളിയാക്കുകയും ബാവ ദുഃഖിതനായി അവിടം വിട്ടുപോവുകയും ചെയ്തു. പിന്നീട് ആ കുടുംബത്തിലെ പല തലമുറയിലും പുണ്ണുണ്ടാകുകയും ബാവയുടെ ശാപത്താൽ അപ്രകാരം സംഭവിച്ചുവെന്ന് വിശ്വസിക്കപ്പെടുകയും ചെയ്യുന്നു.

മണർകാട് താമസിച്ചുകൊണ്ടിരുന്നപ്പോൾ മോർ അന്ത്രയോസ് ബാവാ വെട്ടിക്കുന്നേൽ കുടുംബത്തിൽപ്പെട്ട ഒരാളെ

കശീശ്ശയായി പട്ടം കെട്ടി. ആ കുടുംബം മോർ അന്ത്രയോസ് ബാവയുടെ അനുഗ്രഹത്തെ നന്ദിയോടെ സ്മരിക്കുന്നു. മോർ അന്ത്രയോസ് ബാവായുടെ ഓർമ്മ മാർച്ച് 2-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# മോർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ

**(എ. ഡി. ? - 1694)**

മാർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ കോതമംഗലം ചെറിയപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന പരിശുദ്ധനായ മാർ ബസ്സേലിയോസ് യൽദോ ബാവായുടെ ജന്മനാടായ ബാക്കുദൈദാ ഗ്രാമത്തിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ശമ്മോ എന്നായിരുന്നു.

1661ൽ മോർ ബഹനാം സഹദായുടെ ദയറായിൽവച്ചു ദൈവവേലയ്ക്കായി സ്വയം സമർപ്പിച്ചു ദയറാക്കാരനായിത്തീർന്നു. ഇപ്രകാരം ദയറാജീവിതം നയിച്ചുകൊണ്ടിരുന്നതായ അവസരത്തിലാണ് മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളുടെ സംരക്ഷണത്തിനായി മോർ ബസ്സേലിയോസ് യൽദോ മഫ്രിയാനായോടൊത്ത് മലങ്കരയിൽ വന്ന്, ആ പിതാവിനെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനുമായി നിയോഗിക്കപ്പെട്ടത്. കൂനൻകുരിശ് സത്യത്തിനുശേഷം മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ എ. ഡി. 1665ൽ മലങ്കരയിൽ എത്തുകയും സത്യവിശ്വാസം നിലനിർത്തുകയും ചെയ്തു.

ബാവായുടെ കാലശേഷം 1683ൽ അന്നത്തെ അർക്കദിയാക്കോൻ തോമാ ദ്വിതീയൻ, അബ്ദേദ്മിശിഹോ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കു യൗസേഫ് എന്നു പേരായ ഒരു കച്ചവടക്കാരൻവശം ഒരപേക്ഷ കൊടുത്തയച്ചു. അതിൽ മാർ ഗ്രീഗോറിയോസ് ബാവാ, ലത്തീൻകാരുടെ അടിമത്വത്തിൽനിന്നും തങ്ങളെ വിടുവിക്കുന്നതിന് പ്രദർശിപ്പിച്ച ശുഷ്കാന്തിയെക്കുറിച്ചും, തന്റെ മുൻഗാമിയു

ടെ കാലശേഷം, ലത്തീൻകാർ, അവരുടെകൂടെ നമ്മുടെ സഭാമക്കൾ ചേരേണ്ടതിനുവേണ്ടി ക്രൂരമായ പീഡനങ്ങൾ നടത്തുന്നതിനെപ്പറ്റി കാണിക്കുകയും സഭാമക്കളുടെ സംരക്ഷണത്തിനായി ഒരു മെത്രാപ്പോലീത്തായെയും സമർത്ഥരായ നാല് മല്പാന്മാരെയുമയച്ചുതരുന്നതിനു പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്കു അപേക്ഷിക്കുകയും ചെയ്തിരുന്നു. ടി. സംഗതിക്കുവേണ്ടി മലങ്കരയിൽനിന്നു ഒരു നിവേദകസംഘവും പാത്രിയർക്കാസന്നിധിയിൽ പോകുകയുണ്ടായി.

മലങ്കരസഭയിലെ സുറിയാനി ജനത്തിന് വന്നു പിടിപെട്ടിരിക്കുന്ന കഷ്ടപ്പാടിൽ വിഷമം തോന്നിയ പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1684ൽ വി. മൂറോൻ കൂദാശ നടത്തുകയും ആ സമയത്ത് മലങ്കരസഭയുടെ ബുദ്ധിമുട്ടുകളെപ്പറ്റി എല്ലാ എപ്പിസ്കോപ്പാമാരോടും വിവരക്കുകയുമുണ്ടായി. മലങ്കരസഭയുടെ ശോചനീയാവസ്ഥ മനസ്സിലാക്കിയ കിഴക്കിന്റെ മഫ്രിയാനാ മോർ ബസ്സേലിയോസ് യൽദോ ബാവാ തന്റെ അവിടത്തെ ഭരണം ത്യജിച്ച് ഇടയനില്ലാത്ത ആടുകളുടെ സംരക്ഷണത്തിന് പുറപ്പെടുവാൻ ഒരുക്കമാണെന്ന് അറിയിച്ചതിൻപ്രകാരം മലങ്കരസഭയിൽ എത്തുമ്പോൾ തന്നെ സഹായിക്കുന്നതിനുവേണ്ടി ഇദ്ദേഹത്തിന് മോർ ഈവാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനം നൽകി. 1685ൽ മോർ ബസ്സേലിയോസ് ബാവാ തന്റെ സഹോദരനായ ജൂമായോടും, മോർ മത്തായിയുടെ ദയറായിലെയും, മോർ ബഹനാമിന്റെ ദയറായിലെയും ദയറാക്കാരനായ ജോക്കാറമ്പാച്ചൻ, മത്തായി റമ്പാച്ചൻ, മോർ ഈവാനിയോസ് ഹിദായത്തുള്ള എപ്പിസ്ക്കോപ്പാ എന്നിവരോടുംകൂടി ബസ്രാ വഴി യാത്രപുറപ്പെട്ടു. അക്കാലത്തെ ഇവിടത്തെ ഭരണാധികാരികളെ ഭയന്ന് വേഷപ്രച്ഛന്നരായാണ് അവർ കാടും മേടും മലയും താണ്ടി കോതമംഗലത്ത് എത്തിച്ചേർന്നത്. അഞ്ചു പേരാണ് മലങ്കരയിലേക്കു യാത്രപുറപ്പെട്ടതെങ്കിലും ഇവിടെ എത്തിയത് യൽദൊ മോർ ബസ്സേലിയോസ് ബാവാ, മോർ ഈവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പാ,

മത്തായി റമ്പാച്ചൻ എന്നിവർ മാത്രമാണെന്നാണ് ചരിത്രരേഖകളിൽ കാണുന്നത്.

ഇപ്രകാരം മലങ്കരയിൽ എത്തിയ മപ്രിയാന കൂടെയുണ്ടായിരുന്ന മോർ ഈവാനിയോസ് ഹിദായത്തുള്ള എപ്പിസ്കോപ്പായെ ഈലുൽ മാസം 14-ാം തീയതി വി. സ്ളീബാ പെരുന്നാൾ ദിവസം മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തി. മപ്രിയാന മലങ്കരയിൽ 13 ദിവസം മാത്രമേ ജീവിച്ചിരുന്നുള്ളൂ. ഈലൂൽ മാസം 19-ാം തീയതി കാലംചെയ്തു. 20-ാം തീയതി കോതമംഗലം ചെറിയപള്ളിയിൽ കബറടക്കപ്പെട്ടു. അതിനാൽ മലങ്കരസഭയെ സത്യവിശ്വാസത്തിൽ സംരക്ഷിക്കേണ്ട സകല ചുമതലയും മാർ ഈവാനിയോസ് ബാവായ്ക്കു വന്നുചേർന്നു. സ്വദേശത്തുനിന്നും കൊണ്ടുവന്ന ദ്രവ്യം ചിലവഴിച്ചു പള്ളികൾ പണിയുകയും ദൈവാലയങ്ങൾ നവീകരിക്കുകയും ചെയ്തതിനുപുറമെ പുരോഹിതഗണത്തെ, സുറിയാനി ഭാഷയിലും സഭാനിയമങ്ങളിലും ആത്മീയ ഉപദേശങ്ങളിലും പണ്ഡിതരാക്കുവാൻ തക്കവണ്ണം അഭ്യസിപ്പിക്കുകയും ചെയ്തു.

ലത്തീൻകാരനായ അലക്സീസ് മെനസ്സീസ് പ്രവേശിപ്പിച്ച നിഷിദ്ധ ആചാരങ്ങൾക്കും നവീനോപദേശങ്ങൾക്കും എതിരായി പ്രത്യക്ഷമായും പ്രസ്പഷ്ടമായും വീറോടെ പ്രസംഗിക്കുകയും പുസ്തകങ്ങൾ രചിക്കുകയും ചെയ്തു. 1599ൽ കൂടിയ ഉദയംപേരൂർ സുന്നഹദോസിൽവച്ചു നിശ്ചയിച്ച നവീനോപദേശങ്ങൾക്കെതിരായി ബാവാ 1686ൽ ചെങ്ങന്നൂർ പള്ളിയിൽവച്ചു ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുകയുണ്ടായി. അതിൽ തെക്കുള്ള പള്ളികളുടെ പ്രതിനിധികളായി പുരോഹിതന്മാരും അത്മായക്കാരും സന്നിഹിതരായിരുന്നു. വിശദമായ ചർച്ചകൾ നടത്തിയതിനുശേഷം പിതാക്കന്മാരുടെയും സഭാമല്പാന്മാരുടെയും പുസ്തകങ്ങളും സാർവ്വത്രിക സുന്നഹദോസുകളുടെയും പ്രാദേശിക സുന്നഹദോസുകളുടെയും കാനോനുകളും വായിക്കപ്പെടുകയും ആവശ്യമായ ചർച്ചകൾക്കുശേഷം മോർ ഈവാനിയോസ് ഒരു കല്പന പുറപ്പെടുവിക്കുകയും ചെ

യ്തു. അതിൽ മലങ്കരസഭയുടെ വിശ്വാസവും ആചാരങ്ങളും ശ്ലീഹന്മാരുടെ കാലം മുതലേ സത്യമായിട്ടുള്ളവയും കുറ്റരഹിതങ്ങളുമായിരുന്നുവെന്നും, എന്നാൽ ലത്തീൻകാർ (റോമാക്കാർ) ഇവിടെ വന്നതു മുതൽ വിശ്വാസത്തിലും ആചാരത്തിലും അവർ എൺപതു വർഷത്തോളം അന്യതത്വങ്ങൾ ബലമായി പ്രവേശിപ്പിച്ചുകൊണ്ടിരുന്നുവെന്നും കാണിക്കുകയും വിശ്വാസികളെ സുറിയാനിസഭയുടെ പതിവനുസരിച്ചുള്ള നോമ്പാചരിക്കുന്നതിനും പുളിപ്പുള്ള അപ്പത്തിൽ ദിവ്യകുർബ്ബാന അനുഷ്ഠിക്കുന്നതിനും ഉൽബോധിപ്പിക്കുകയും ചെയ്തിരുന്നു.

തുടർന്നു പകലോമറ്റം തറവാട്ടിൽപ്പെട്ട ഒരു യുവാവിന് പൗരോഹിത്യപരമായ വിദ്യാഭ്യാസം നൽകി ശെമ്മാശനായും പുരോഹിതനായും പടിപടിയായി പട്ടംകൊടുത്തുയർത്തുകയും അനന്തരം മാർത്തോമ്മാ തൃതീയൻ എന്ന പേരിൽ 1687ൽ എപ്പിസ്കോപ്പായായി വാഴിക്കുകയും ചെയ്തു. 1688 മേടം 9-ാം തീയതി മാർത്തോമ്മാ തൃതീയൻ കാലംചെയ്തപ്പോൾ തൽസ്ഥാനത്ത് മാർത്തോമ്മാ നാലാമന് മോർ ഈവാനിയോസ് ബാവാ പട്ടംകൊടുത്തു. ഇപ്രകാരം സഭയുടെ പുരോഗതിക്കുവേണ്ടി മോർ ഈവാനിയോസ് ഹിദായത്തുള്ള ബാവാ വളരെ പ്രവർത്തിച്ചുകൊണ്ടിരുന്നു.

സത്യവിശ്വാസവൈരികൾക്ക് ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തീരെ രസിക്കാതെ വന്നതിനാൽ അവർ ബാവായെ കൊല്ലുന്നതിന് തക്കം അന്വേഷിച്ചുകൊണ്ടിരുന്നു. ഈ സംഗതി ഗ്രഹിച്ച പിതാവ് അനേക രാത്രികൾ മരത്തിൽ കയറിയിരുന്നു കഴിച്ചുകൂട്ടിയിട്ടുണ്ടെന്ന് പറയപ്പെടുന്നു (Aphrem Paulose, 1964). ഈ വിശുദ്ധൻ 9 വർഷം മാത്രമേ മലങ്കരയിൽ ജീവിച്ചിരുന്നുള്ളു. എങ്കിലും ആ കാലഘട്ടത്തിൽ അദ്ദേഹം നിർവ്വഹിച്ച സംഗതികൾ എത്രയോ മഹത്തരങ്ങളാണ്.

പരിശുദ്ധനായ ബാവാ തിരുമനസ്സുകൊണ്ട് 1694 ചിങ്ങം 3-ാം തീയതി മുളന്തുരുത്തി പള്ളിയിൽവച്ച് കാലംചെയ്യുകയും, മദ്ബഹായുടെ തെക്കുവശത്തു കബറടക്കപ്പെടുകയും

ചെയ്തു. ‘‘തെക്കേ കബറിങ്കൽ ബാവാ’’ എന്നാണ് പിന്നീട് ഇദ്ദേഹത്തിന്റെ കബറിടം അറിയപ്പെടുന്നത്. 2006 ഡിസംബർ 24–ാം തീയതി ഈ പിതാവിന്റെ കബറിടം തുറക്കുകയും തിരുശേഷിപ്പുകൾ മദ്ബഹായുടെ തെക്കേഭിത്തിയിൽ സ്ഥാപിക്കുകയും ചെയ്തു. എല്ലാ വർഷവും ആഗസ്റ്റ് 16–ാം തീയതി ഈ പിതാവിന്റെ പെരുന്നാൾ കൊണ്ടാടുന്നു.

# മഫ്രിയാൻ
# മോർ ബസ്സേലിയോസ് ശക്രള്ളാ മൂന്നാമൻ
## (എ. ഡി. ? - 1764)

മോർ ശക്രള്ളാ (Shukr Allah of Aleppo) മൂസാ അൽ കുസാബ്ജി ശെമ്മാശന്റെ മകനായി ജനിച്ചു. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി ദയറാക്കാരനാകുകയും പിന്നീട് പുരോഹിതനാകുകയും ചെയിതു (Aphrem I, 2000).

1748 ആഗസ്റ്റ് മാസത്തിൽ പ. ഇഗ്നാത്തിയോസ് ഗീവറുഗീസ് തൃതീയൻ (Mor Ignatius George III, 1745-1768) ശക്രള്ളാ റമ്പാച്ചനെ മഫ്രിയാനയായി വാഴിച്ച് മലങ്കരയിലേക്കയച്ചു. മാർത്തോമാ അഞ്ചാമന്റെ അപേക്ഷപ്രകാരമാണ് ഈ പിതാവ് മലങ്കരയിലേക്കയയ്ക്കപ്പെട്ടത്. ശ്രേഷ്ഠ ശക്രള്ളാ മഫ്രിയാനയുടെ കൂടെ മോർ യൂഹാനോൻ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, വന്ദ്യ ഗീവറുഗീസ് കോറെപ്പിസ്കോപ്പ, യൂഹാനോൻ റമ്പാച്ചൻ, ശെമ്മാശന്മാരായ സഖറിയാ, അന്തോൻ, മൂശാ, ഹാദായെ ശക്രള്ളാ എന്നിവരും അബ്ദുള്ളാ എന്ന പരിചാരകനും ഉണ്ടായിരുന്നു.

രണ്ടര നൂറ്റാണ്ടുകൾക്ക് മുൻപ് സൗകര്യങ്ങൾ പരിമിതവും യാത്ര ദുർഘടവുമായിരുന്നു. 1749 ചിങ്ങം 25-ാം തീയതി മഫ്രിയാനയും സംഘവും ഓമീദിൽ (Amida or Dayarbakar, Turkey) നിന്നു യാത്ര പുറപ്പെട്ടു. അക്കാലത്ത് പാത്രിയർക്കാ ആസ്ഥാനമായിരുന്നു ഓമീദ്.

മലങ്കര സഭയ്ക്കുവേണ്ടി 64 കയ്യെഴുത്ത് ഗ്രന്ഥങ്ങളും, വി.മൂറോനും, ഊർശ്ലേമിൽനിന്ന് മൂന്നു കുരിശുകളും, വിശുദ്ധ

ന്മാരുടെ തിരുശേഷിപ്പുകളുംകൊണ്ട് ഓമീദിൽ നിന്ന് ആല പ്പോയിലെത്തി (Old alab or Halab, Syria). തുടർന്ന് ബറൂവ യിലേക്കും ബെറൂവയിൽനിന്ന് ബാഗ്ദാദിലേക്കും (Bagdad, Iraq) യാത്ര ചെയ്തു. ബാഗ്ദാദിലേക്കുള്ള യാത്രയിൽ മഫ്രിയാനയും സംഘവും ആക്രമിക്കപ്പെടുകയും യാത്ര യ്ക്കു കരുതിയിരുന്ന കുറെ പണം നഷ്ടമാകുകയും ചെ യ്തു. ബാഗ്ദാദിൽനിന്നു ബസ്രയിലേക്ക് (Al Basrah, Iraq) വള്ളത്തിൽ യാത്രചെയ്തു. ബസ്രയിൽ ഏതാനും ദിവസ ങ്ങൾ താമസിച്ചശേഷം ഒരു ഇംഗ്ലീഷ് കപ്പലിൽ ബന്തറബ്ബാ സിലെത്തി (bandere 'Abbas, Iran). കടൽക്കൊള്ളക്കാരെ ഭയന്നും, പേർഷ്യൻ രാജാക്കന്മാർ തമ്മിലുള്ള യുദ്ധവും മൂലം ബന്തറബ്ബാസിൽ 7 മാസം താമസിക്കേണ്ടിവന്നു. ശക്രുള്ളാബാവായുടെ മലങ്കരയിലേക്കുള്ള യാത്രാവിവരണം 1751ൽ എഴുതിയത് *അൽ മജല്ല അൽ പെട്രിയർക്കിയ* എന്ന പാട്രിയർക്കാ മാസികയിൽ (Vol. 7, pp.125-133) പ. അപ്രേം പ്രഥ മൻ പാത്രിയാർക്കീസ് ബാവാ പ്രസിദ്ധീകരിച്ചിട്ടുണ്ട് (Aphrem I, 2000).

1751 കുംഭം 24-ാം തീയതി മോർ ശക്രുള്ളാ ബാവായും സംഘവും സൂറത്തിലെത്തി. ബന്തറബ്ബാസിൽ നിന്നു സൂറത്തി ലേക്കുള്ള യാത്രയിലും കവർച്ചക്കാരാൽ ആക്രമിക്കപ്പെട്ടു. സൂറത്തിൽനിന്നു കൊച്ചിയിലേക്ക് കപ്പലിൽ യാത്ര ചെയ്ത് 1751 മേടമാസം 23-ാം തീയതി (മോർ ഗീവറുഗീസ് സഹദാ യുടെ പെരുനാൾ ദിവസം) കൊച്ചിയിലെത്തി. കൊച്ചി കോ ട്ടയിൽ ഗവർണ്ണറുടെ അതിഥിയായി താമസിച്ചു. എന്നാൽ യാത്രാചിലവിനത്തിൽ കപ്പൽ കൂലിയുൾപ്പെടെ കമ്പനി ക്കാർക്ക് ഏകദേശം പന്തീരായിരം രൂപ കൊടുക്കേണ്ടതാ യിട്ടുണ്ടായിരുന്നു. ഈ തുക കൊടുക്കാമെന്നേറ്റിരുന്ന മാർ ത്തോമാ അഞ്ചാമൻ, മഫ്രിയാനയെ കാണാൻ വരുകയോ കപ്പൽ കൂലി കൊടുക്കുന്നതിന് ക്രമീകരണമുണ്ടാക്കുകയോ ചെയ്തില്ല. ഈ സാഹചര്യത്തിൽ മോർ ശക്രുള്ളാ ബാവാ വിഷമത്തിലായി.

ഇരുപതു ദിവസങ്ങൾക്കുശേഷം മോർ ഇവാനിയോസ് യൂഹാനോൻ മെത്രാപ്പോലീത്താ കൊച്ചി കോട്ടയിലെത്തി മഫ്രിയാനയെ സന്ദർശിച്ചു. മോർ ഇവാനിയോസ് യൂഹാനോൻ മെത്രാപ്പോലീത്താ 1740ൽ പരിശുദ്ധ ശക്രള്ളാ പാത്രിയർക്കീസ് ബാവായാൽ പാത്രിയർക്കാ അരമനയുടെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുകയും 1746ൽ പ. ഗീവറുഗീസ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ മലങ്കരയിലേക്ക് അയയ്ക്കപ്പെടുകയും ചെയ്ത മെത്രാപ്പൊലീത്തയാണ്. ഇദ്ദേഹം മോർ ശക്രള്ളാ മഫ്രിയാന മലങ്കരയിൽ വന്നശേഷം 1751ൽ സ്വദേശമായ ഓമീദിലേക്കു മടങ്ങിപ്പോയി.

മാർത്തോമ്മാ അഞ്ചാമൻ, മഫ്രിയാനയെ വന്നു കാണണമെന്ന് ആവശ്യപ്പെട്ട് മഫ്രിയാന നാലു കത്തുകളയച്ചെങ്കിലും അദ്ദേഹം വന്നില്ല. 72 ദിവസം കൊച്ചിയിൽ താമസിക്കുകയും തുടർന്ന് 1751 കർക്കിടകം 3-ാം തീയതി കൊച്ചി രാജാവിനെ സന്ദർശിച്ച ശേഷം 4-ാം തീയതി കണ്ടനാട് വി. മർത്തമറിയം പള്ളിയിലെത്തി. അവിടെവച്ചും തമ്മിൽ കാണുകയുണ്ടായില്ല. മുളന്തുരുത്തി, കോലഞ്ചേരി, കുന്നകുരുടി വഴി കാൽനടയായി സഞ്ചരിച്ച് കോതമംഗലത്തെത്തി.

മോർ ശക്രള്ളാ ബാവാ കോതമംഗലം വലിയപള്ളിയിലും മാർത്തോമാ അഞ്ചാമൻ ചെറിയ പള്ളിയിലും ഏതാനും ദിവസങ്ങൾ താമസിച്ചുവെങ്കിലും പരസ്പരം കാണുകയുണ്ടായില്ല. മോർ ശക്രള്ളാ ബാവാ പ. യെൽദോ ബസേലിയോസ് ബാവായുടെ കബറിങ്കൽ പ്രാർത്ഥന നടത്തി, മാർത്തോമ്മാ അഞ്ചാമനെ കാത്തിരുന്നുവെങ്കിലും വന്നില്ല. മാത്രവുമല്ല, മാർത്തോമാ അഞ്ചാമൻ, ശക്രള്ളാ ബാവായെപ്പറ്റി ചില തെറ്റായ പരാമർശങ്ങൾ പൊതുവിൽ നടത്തുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ 1752 മേടമാസം 30-ാം തീയതി മാർത്തോമാ അഞ്ചാമനു പകരം ബാവായോടുകൂടെ വന്ന യൂഹാനോൻ റമ്പാച്ചനെ മോർ ഇവാനിയോസ് എന്ന പേരിൽ കണ്ടനാട് പള്ളിയിൽവച്ച് മലങ്കര മെത്രാപ്പോലീത്തയായി വാഴിച്ചു (Philip, 1992).

മോർ ബസ്സേലിയോസ് ശക്രുള്ളാ ബാവാ 475 രൂപയ്ക്ക് സ്ഥലം വാങ്ങി പണികഴിപ്പിച്ചതാണ് മട്ടാഞ്ചേരി പള്ളി. ബാവാ ദീർഘകാലം കായംകുളം കാദീശാ പള്ളിയിൽ താമസിച്ചിട്ടുണ്ട്. ക്രിസ്തുമതവിശ്വാസത്തെ സംബന്ധിച്ച് അറബി ഭാഷയിൽ *'കൽ അറ്റ് അൽ ഇമ്രാ'* എന്ന പുസ്തകം രചിച്ചിട്ടുണ്ട്.

മലങ്കരയിൽ 13 സംവത്സരങ്ങൾ താമസിച്ച് സഭയെ ശുശ്രൂഷിച്ച മോർ ശക്രുള്ളാ ബാവാ അദ്ദേഹം തന്നെ പണികഴിപ്പിച്ച മട്ടാഞ്ചേരി പള്ളിയിൽ വച്ച് 1764 തുലാമാസം 9-ാം തീയതി കാലം ചെയ്തു. കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ കബറടക്കപ്പെട്ടു. ഈ പിതാവിന്റെ ഓർമ്മ ഒക്ടോബർ 22-ാം തീയതി സഭ ആഘോഷിക്കുന്നു.

# പുണ്യശ്ലോകനായ
# മോർ ഗ്രിഗോറിയോസ് യൂഹാനോൻ
### (ഏ. ഡി. 1695 –1773)

പുരോഹിതനായ ഇസഹാക്കിന്റെയും ശമ്മെയുടെയും പുത്രനായ യൂഹാനോൻ ഏ. ഡി. 1695ൽ ബാക്കൂദൈദായിൽ (Bakudaida, also known as Kooded or Karakosh near Mosul) ജനിച്ചു (Aphrem, 1964). ഇദ്ദേഹം കോതമംഗലം ചെറിയ പള്ളിയിൽ കബറടങ്ങിയ പരിശുദ്ധനായ മോർ ബസ്സേലിയോസ് യൽദോ മഫ്രിയാനയുടെ കുടുംബക്കാരനാണ്. യൂഹാനോനും സഹോദരൻ സ്ലീബായും ബക്കൂദൈദായ്ക്കു സമീപമുള്ള മോർ ബഹനാം ദയറായിൽ ദയറാക്കാരായി.

1747ൽ 109–ാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ ഇഗ്നാത്തിയോസ് ഗീവറുഗീസ് തൃതീയൻ (1745–1768) ഇദ്ദേഹത്തെ മോർ ബഹനാം ദയറായുടെയും ഇടവകയുടെയും മെത്രാപോലീത്തയായി വാഴിച്ചു. 1749ൽ, കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ കബറടങ്ങിയ മോർ ബസേലിയോസ് ശക്രുള്ള മഫ്രിയാനയോടു കൂടി മലങ്കരയിൽ വന്നു. 1764 മുതൽ മലങ്കര സഭാഭരണം നിർവ്വഹിച്ചു (Aphrem, 1964). മോർ ഗ്രിഗോറിയോസ് യൂഹാനോൻ ബാവായോടു കൂടി വന്ന മൂസൽകാരൻ യൂഹാനോൻ റമ്പാച്ചനെ 1752ൽ മോർ ശക്രുള്ള മഫ്രിയാന മോർ ഈവന്നീസ് യൂഹാനോൻ എന്ന പേരിൽ മെത്രാപോലീത്തയായി നിയമിച്ചിരുന്നു. (ഈ പിതാവ് 1794ൽ കാലംചെയ്ത് ചെങ്ങനൂർ പള്ളിയിൽ കബറടക്കിയിരിക്കുന്നു). ഈ രണ്ടു ശീമക്കാരായ പിതാക്കന്മാരായിരുന്നു 18–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മലങ്കരസഭാ ഭരണം നടത്തിയിരുന്നത്.

1765ൽ തോമാ അഞ്ചാമൻ സാധുവായ കൈവെപ്പ് പ്രാപിക്കാതെ നിദ്രപ്രാപിച്ചു. തോമാ അഞ്ചാമൻ ഇഹലോകവാസം വെടിയുന്നതിനു മുൻപ് സഹോദരീ പൗത്രൻ യൗസേപ്പിനെ തോമാ ആറാമൻ എന്ന പേരിൽ കാനോനികമല്ലാതെ വാഴിച്ചിരുന്നു. മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാവായും മോർ ഇവാനിയോസ് യൂഹാനോൻ ബാവായും തോമാ ആറാമന്റെ പേർക്കയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ‘‘നമ്മുടെ വാത്സല്യ പുത്രാ, ഞങ്ങൾ ഈ ദേശത്ത് പരദേശികളാകുന്നു. ഞങ്ങൾ സഹോദരങ്ങളെയും സ്നേഹിതന്മാരെയും ഉപേക്ഷിച്ച് വന്നവരാകുന്നു. ഇനിയും ഞങ്ങൾക്ക് ആ സ്ഥാനത്ത് കാണ്മാനുള്ളത് നിങ്ങളെയാകുന്നു.’’ അങ്ങനെയിരിക്കെ ഒരു ദിവസം നിരണം പള്ളിയിൽ മോർ ഗ്രിഗോറിയോസ് യൂഹാനോൻ ബാവാ വി. കുർബാന അർപ്പിക്കുമ്പോൾ തോമാ ആറാമൻ കാൽക്കൽ വീണ് ക്ഷമാപണം നടത്തുകയും മോർ ഗ്രിഗോറിയോസ് ബാവാ വാത്സല്യ പൂർവ്വം എഴുന്നേൽപ്പിച്ചു ചുംബിക്കുകയും ചെയ്തു.

1770 മെയ് 29-ാം തീയതി തോമാ ആറാമനെ മോർ ദീവന്നാസിയോസ് എന്ന പേരിൽ മോർ ഗ്രിഗോറിയോസ് യുഹാനോനും, മോർ ഇവാനിയോസ് യൂഹാനോനും പട്ടം കൊടുത്ത് (തോമാ അഞ്ചാമൻ പട്ടമേറ്റ ശേഷം കൊടുക്കുവാനായി പ. ഗീവറുഗിസ് തൃതീയൻ പാത്രിയർക്കീസ് ബാവ, മോർ ശക്രള്ളാ മഫ്രിയാന വശം കൊടുത്തയച്ചിരുന്ന) അംശവടിയും, സ്ലീബായും, സ്ഥാത്തിക്കോനും നൽകുകയും ചെയ്തു (Philip, 1992). സുസ്ഥാത്തിക്കോനിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: ‘ഊർശ്ലേമിന്റെ മെത്രാപോലീത്തയായ ഗ്രിഗോറിയോസും ഇന്ത്യയുടെ എപ്പിസ്കോപ്പയായ ഈവന്നീസും കൂടി തോമായെന്നുവിളിക്കപ്പെടുന്ന യൗസേഫിനെ മലങ്കരയുള്ള സുറിയാനി സമുദായത്തിന്റെ മെത്രാപോലീത്തയായി പട്ടം കൊടുക്കുകയും അദ്ദേഹം ദിവന്നാസിയോസ് എന്നപേരിൽ വിളിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആയത് അന്ത്യോഖ്യായുടെ പാത്രിയർക്കീസായ മോർ ഇഗ്നാത്തിയോസിന്റെ കല്പന പ്രകാരം തന്നെ’.

പട്ടമേറ്റശേഷം തോമാ മോർ ദീവന്നാസ്യോസ്, മോർ ഗ്രിഗോറിയോസിനും മോർ ഈവന്നീസിനും ഉടമ്പടി കൊടുക്കുകയും അതിൽ ഇപ്രകാരം പറയുകയും ചെയ്യുന്നു. 'പിതാക്കന്മാരിൽ വച്ചു ബലഹീനനും ദരിദ്രനുമായ ദിവന്നാസ്യോസ് യൗസേഫ് മെത്രാപോലീത്തയായ ഞാൻ എന്റെ സ്വന്ത ഇഷ്ടപ്രകാരം ഈ ഉടമ്പടി ഊർശ്ലേമിന്റെ മെത്രാപോലീത്തയായ അഭിവന്ദ്യനായ മോർ ഗ്രിഗോറിയോസിന്റെയും ഈവന്നീസ് എപ്പിസ്കോപ്പയുടെയും പേർക്കു എഴുതുന്നതാകുന്നു. സുറിയാനിക്കാരുടെ ആചാര മര്യാദപ്രകാരം കുർബാന അണച്ചുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ദൈനംദിന ചിലവുകൾക്കായി ഈവന്നീസ് എപ്പിസ്കോപ്പയ്ക്കും കൂടെയുള്ളവർക്കു കൂടി പ്രതിദിനം ഒരു വെള്ളിപ്പണം വീതം ഞാൻ കൊടുക്കുന്നതാണ്'. (1770-ാം മാണ്ടു ചിങ്ങമാസത്തിലെ തിരുവോണ ദിവസം നിരണം മർത്തമറിയം പള്ളിയിൽ വച്ച് എഴുതപ്പെട്ടു). അദ്ദേഹം തന്റെ അച്ചന്മാർക്കും ശെമ്മാശന്മാർക്കും വീണ്ടും പട്ടം കൊടുക്കുകയും ചെയ്തു. ജനങ്ങൾക്ക് ഈ സമാധാനത്തിൽ വലിയ സന്തോഷമുണ്ടായി. അന്നുമുതൽ സഭാകാര്യങ്ങൾ മോർ ഗ്രിഗോറിയോസും മോർ ഈവന്നീസും മോർ ദീവന്നാസ്യോസിനോടൊരുമിച്ചു സഹകരിച്ചു ശുഷ്കാന്തിയോടെ നടത്തിപ്പോന്നു.

1772 മുതൽ മോർ ഗ്രിഗോറിയോസ് ബാവായുടെ കണ്ണിന്റെ കാഴ്ചശക്തി കുറയുവാനിടയായി. വൈദ്യം അറിയുമായിരുന്ന കാട്ടുമങ്ങാട്ടെ വന്ദ്യ എബ്രഹാം റമ്പാച്ചൻ അദ്ദേഹത്തെ ചികിത്സിക്കുകയുണ്ടായി. 1773 ജൂലൈ 10-ാം തീയതി (M.E. 947 മിഥുനം 27) മോർ ഗ്രീഗോറിയോസ് യൂഹനോൻ ബാവാ കാലം ചെയ്തു. മുളന്തുരുത്തി മാർതോമൻ പള്ളി മദ്ബഹായിൽ വടക്കുഭാഗത്തു കബറടക്കപ്പെട്ടു. 2006 ഡിസംബർ 17-ാം തീയതി കബർ തുറന്ന് തിരുശേഷിപ്പുകൾ മദ്ബഹായുടെ വടക്കു ഭാഗത്തേക്ക് മാറ്റി സ്ഥാപിച്ചു.

# മോർ ഈവാനിയോസ് യൂഹാനോൻ
(ഏ. ഡി.? - 1794)

യൂഹാനോൻ മോർ ഈവാനിയോസ് ബാവാ മൂസൽ നഗരത്തിൽ ഭൂജാതനായി. മർദ്ദീനിലെ കുർക്കുമ ദയാറായിൽ വച്ച് റമ്പാനായി. 1724ൽ ഇഗ്നാത്തിയോസ് ശക്രുള്ള പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ പുരോഹിതനാക്കി. 1749ൽ ഗീവർഗീസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ ശക്രുള്ള മഫ്രിയാനായോടു കൂടി മലങ്കരയിലേക്ക് അയച്ചു. 1752 മേടമാസം (നീസോൻ) 30ന് മോർ ബസേലിയോസ് ശക്രുള്ള മഫ്രിയാന ഇദ്ദേഹത്തെ കണ്ടനാട് പള്ളിയിൽവച്ച് എപ്പിസ്കോപ്പായായി വാഴിച്ചു. പള്ളിക്കരപ്പള്ളിയിൽ താമസിച്ചുകൊണ്ട് കാര്യാദികൾ നടത്തുവാൻ നിയമിച്ചെങ്കിലും, അത് മാർത്തോമാ ആറാമന്റെ ഒരു കേന്ദ്രമായിരുന്നതുകൊണ്ട് തദ്ദേശീയർ അദ്ദേഹത്തെ വളരെ കഷ്ടപ്പെടുത്തി. എന്നാൽ മഫ്രിയാന അദ്ദേഹത്തെ സർവ്വവും സഹിക്കുവാൻ ഉത്സാഹിപ്പിച്ചിരുന്നതുകൊണ്ട്, സർവ്വവിധ കഷ്ടപ്പാടുകളും സഹിച്ചുകൊണ്ട് അവിടെ താമസിച്ചു. അവിടെവച്ച് രോഗിയായപ്പോൾ മഫ്രിയാനാ അദ്ദേഹത്തെ ചികിത്സാർത്ഥം കൊച്ചിയിലേക്ക് അയയ്ക്കുകയും, സുഖം വന്നശേഷം കണ്ടനാടിന് നിയമിക്കുകയും ചെയ്തു. മഫ്രിയാനായുടെ നിര്യാണശേഷം മോർ ഗ്രിഗോറിയോസ് യൂഹാനോൻ ബാവായെ ഭരണത്തിൽ സഹായിച്ചുകൊണ്ടിരുന്നു.

1769ൽ സ്വദേശത്തേക്കു കൊണ്ടുപോകുവാനായി ബാവായുടെ സഹോദരനായ അബ്രാഹാം മൂസലിൽനിന്നും വന്നു, എങ്കിലും ബാവാ തിരികെ പോയില്ല. സഭയിൽ സമാധാനമുണ്ടാകുന്നതിനും, മാർത്തോമാ ആറാമനെ ഉപദേശിച്ച് സഭയിലേക്ക്

കൊണ്ടുവന്ന് പട്ടം കൊടുക്കുന്നതിനും അത്യധികം ഉത്സാഹിക്കുകയും അപ്രകാരം സാധിക്കുകയും ചെയ്തു. മോർ ഗ്രിഗോറിയോസിന്റെ കാലം കഴിഞ്ഞ്, ഇദ്ദേഹം ദീവന്നാസ്യോസ് ഒന്നാമനോടൊരുമിച്ച് സഭാഭരണം നിർവ്വഹിച്ചു. ഇരുവരുംകൂടി ഒരുമിച്ച്, വ്യാജമായി എപ്പിസ്കോപ്പാ വേഷം ധരിച്ച കാട്ടുമങ്ങാട്ട് അബ്രഹാം റമ്പാച്ചന്റെ കുഴപ്പങ്ങൾക്ക് പരിഹാരം ഉണ്ടാക്കി. കൊച്ചിയിലേയും തിരുവിതാംകൂറിലേയും രാജാക്കന്മാരുടെ അടുക്കൽ അദ്ദേഹത്തിന്റെ പേരിൽ ഇവർ പരാതി കൊടുത്തു. രണ്ടു രാജാക്കന്മാരും കൂടി ഡച്ചുകമ്പനി അദ്ദേഹത്തെ വിധിക്കുവാൻ ആജ്ഞാപിച്ചു. ഡച്ച് കമ്പനിയുടെ 12 ജഡ്ജിമാർ ഒരുമിച്ച് പരിശോധിച്ച് അദ്ദേഹം വ്യാജ എപ്പിസ്കോപ്പായാണെന്നും ഗ്രിഗോറിയോസ് അദ്ദേഹത്തിന് പട്ടം കൊടുത്തിട്ടില്ലെന്നും, ഗ്രിഗോറിയോസിന്റെ അംശവടിയും വസ്ത്രവിഭൂഷണങ്ങളും അദ്ദേഹമെടുത്ത് സ്വയം അണിഞ്ഞതാണെന്നും വിധി കല്പിച്ചു. തനിക്കെതിരായി വിധി കല്പിക്കപ്പെട്ടുവെന്നറിഞ്ഞപ്പോൾ അബ്രഹാം റമ്പാൻ തന്റെ സ്നേഹിതനായ വരാപ്പുഴ ലത്തീൻ മെത്രാന്റെ അടുക്കലേക്ക് ഓടിപ്പോകുകയും, അപ്പോൾ അദ്ദേഹം പിന്തുടരപ്പെടുകയും പോഞ്ഞിക്കരയിൽ വച്ച് പിടിക്കപ്പെട്ടു തിരികെ കൊണ്ടുവരപ്പെടുകയും ചെയ്തു (Rajan, 2007).

നാലു പട്ടാളക്കാർ അബ്രഹാം റമ്പാനെ ദിവാന്റെ അടുക്കൽ കൊണ്ടുപോകുകയും, മോർ ദീവന്നാസ്യോസിന്റേയും മോർ ഈവാനിയോസിന്റേയും അടുക്കൽ ഏല്പിക്കപ്പെടുന്നതിന് ദിവാൻ കല്പനയാകുകയും ചെയ്തു. അങ്ങനെ ഈ പിതാക്കന്മാർ അന്നു താമസിച്ചിരുന്ന കണ്ടനാട്ടേക്ക് കൊണ്ടുവരുകയും ഒരു ഞായറാഴ്ച പള്ളിനിറയെ വിശ്വാസികളും പുരോഹിതന്മാരും ഒരുമിച്ച് കൂടിയിരിക്കുമ്പോൾ, മദ്ബഹായുടെ മുമ്പാകെ ഒരു മേശയിട്ടു അതിൽ സ്ലീബായും ഏവൻഗോലിയോനും മെഴുകുതിരികളും വയ്ക്കുകയും ഓരോ ഭാഗത്തായി മോർ ഈവാനിയോസും ദീവന്നാസിയോസും നിൽക്കുകയും, അബ്രഹാം റമ്പാച്ചനോട് ചെയ്തികളെക്കുറിച്ച് ചോദിക്കുകയും ഞാൻ പാപം ചെയ്തുപോയെന്നു

മറുപടിപറയുകയും ചെയ്തു. അപ്പോൾ എപ്പിസ്കോപ്പായുടെ വേഷവിധാനങ്ങൾ ഉരിഞ്ഞ് മേശമേൽ വയ്ക്കുവാൻ പറയുകയും അപ്രകാരം അംശവസ്ത്രങ്ങൾ ഉരിഞ്ഞ് വടി, മുടി, സ്ലീബായോടുകൂടി മേശപ്പുറത്തു വയ്ക്കുകയും സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പാപം ചെയ്തു പോയി നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. കൂലിക്കാരനെപ്പോലെ എന്നെ കൈക്കൊള്ളേണമേ. ഞാൻ പാപം ചെയ്തു പോയതിനാൽ നിന്റെ ഭവനത്തിൽ അടിയാനെപ്പോലെ ഞാൻ ആയിക്കൊള്ളാം എന്നുള്ള പ്രാർത്ഥനചൊല്ലി മാപ്പ് അപേക്ഷിക്കുകയും ചെയ്തു. അവരോടുകൂടി മൂന്നുമാസം കണ്ടനാട്ടു താമസിക്കുകയും അനന്തരം രോഗിയാകുകയും അപ്പോൾ ചികിത്സാർത്ഥം പോകണമെന്നു ആവശ്യപ്പെടുകയും അവർ അനുവദിച്ചപ്രകാരം പോകുകയും ചെയ്തു. ഡച്ചു കമ്പിനിക്കാരുടെ അധികാരത്തിൽ പെട്ട മലബാറിലെ അഞ്ഞൂരിലേക്ക് (തൊഴിയൂർ) പോകുകയും അവിടെവച്ച് വീണ്ടും എപ്പിസ്കോപ്പയുടെ വസ്ത്രം അണിയുകയുമാണ് ചെയ്തത്. ഇദ്ദേഹത്തിൽ നിന്നാണ് അഞ്ഞൂരുകാരുടെ നിയമാനുസൃതമല്ലാത്ത എപ്പിസ്കോപ്പാസ്ഥാനം സമാരംഭിച്ചത്. അങ്ങനെയല്ലെന്നും അഭിപ്രായമുണ്ട്.

അനന്തരം മോർ ഈവാനിയോസ്, മോർ ദീവന്നാസീയോസ് ഒന്നാമനോടൊരുമിച്ച് സഭാകാര്യങ്ങൾ ഉത്സാഹപൂർവ്വം നടത്തിവരുകയും 1794 മേടമാസം (നീസോൻ) 7-ാം തീയതി കാലംചെയ്ത് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ കബറടക്കപ്പെടുകയും ചെയ്തു.

# പരിശുദ്ധനായ
# മോർ കൂറീലോസ് യൂയാക്കീം ബാവ
**(എ. ഡി. 1818 - 1874)**

മോർ കൂറീലോസ് യൂയാക്കീം ബാവ 1818ൽ തുർക്കിയിലെ തുറബ്ദീനിലുള്ള ഹബബ് പട്ടണത്തിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് മൽക്കി ബാർ ഇസ്രായേൽ എന്നായിരുന്നു. ഇദ്ദേഹത്തിന് ഏലിയ, ഇസ്രായേൽ, മൊർദ്ദേക്കായ്, സ്ക്കറിയ, ഗബ്രിയേൽ എന്നീ അഞ്ച് സഹോദരന്മാരും സത്ത, ഹെദ്ന എന്നീ രണ്ട് സഹോദരികളും ഉണ്ടായിരുന്നു.

ബാല്യത്തിൽ തന്നെ യൂയാക്കീം ആത്മിക കാര്യങ്ങൾ ഉത്സാഹത്തോടെ നിർവ്വഹിച്ചിരുന്നു. മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ സുറിയാനി ഭാഷയും ദൈവശാസ്ത്രവും അഭ്യസിച്ചു. 1845ൽ പരിശുദ്ധ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് ബാവ (1838-1847) യൂയാക്കീം റമ്പാച്ചനെ മോർ കൂറീലോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

മേൽപ്പറഞ്ഞ കാലഘട്ടത്തിൽ മലങ്കരയിലെ സുറിയാനി സഭയുടെ വിശ്വാസസത്യങ്ങൾ വ്യത്യാസപ്പെടുത്തുന്നതിന് ഇംഗ്ലീഷ് മിഷനറിമാർ ചേപ്പാട് മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായിൽ ശക്തമായ പ്രേരണ ചെലുത്തിക്കൊണ്ടിരുന്നു. വി. കുർബ്ബാന തക്സായിൽ നിന്ന് പരേതർക്കായുള്ള പ്രാർത്ഥനകൾ നീക്കം ചെയ്യുക, വി. ദൈവമാതാവിനോടും പരിശുദ്ധന്മാരോടുള്ള മധ്യസ്ഥപ്രാർത്ഥന നീക്കം ചെയ്യുക തുടങ്ങിയവയായിരുന്നു മിഷനറിമാർ ആവശ്യ

പ്പെട്ടത്. കൽക്കട്ട ബിഷപ്പ് ഡാനിയേൽ വിൽസൺ 1835ൽ കോട്ടയത്തു വന്ന് ഈ കാര്യങ്ങൾക്ക് നേതൃത്വം നൽകി (Curian, 1982).

മാരാമൺ പാലക്കുന്നത്ത് അബ്രഹാം മല്പാൻ മിഷനറിമാരോട് സഹകരിക്കുകയും അവരുടെ വക്താവായി മാറുകയും ചെയ്തു. ഇതിനെതിരെ ചേപ്പാട് മോർ ദീവന്നാസിയോസിന്റെ സഹകരണത്തിൽ 1836 മകരം 5-ാം തീയതി മാവേലിക്കരയിൽവച്ച് ഒരു യോഗം ചേർന്ന് ഉടമ്പടി അംഗീകരിച്ചു. ഇതാണ് മാവേലിക്കര പടിയോല എന്നറിയപ്പെട്ടത്. ആ പടിയോലയിൽ സുറിയാനിക്കാരായ ഞങ്ങൾ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴിലുള്ളവരാകുന്നുവെന്നും ഞങ്ങളുടെ പള്ളിക്രമങ്ങൾ പരിശുദ്ധ പിതാക്കന്മാരാൽ ക്രമീകരിക്കപ്പെട്ടവയാകുന്നുവെന്നും പ. പാത്രിയർക്കീസ് ബാവായുടെ അനുവാദമില്ലാതെ ഭേദഗതികൾ പാടില്ലെന്നും തീരുമാനിച്ചു (Aphrem Paulose, 1964).

മേൽപ്പറഞ്ഞ ഉടമ്പടിക്കു വിരുദ്ധമായി ഇംഗ്ലീഷുകാർ പ്രവർത്തിച്ചതിന്റെ ഫലമായി ചേപ്പാട്ട് മോർ ദീവന്നാസിയോസ് ഇവിടുത്തെ കാര്യങ്ങൾ പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ ബാവായെ അറിയിച്ചു. ഈ പ്രവർത്തനങ്ങളിൽ ഇടവഴിക്കൽ ബഹുമാനപ്പെട്ട ഫീലിപ്പോസ് കശ്ശീശ ശക്തമായ പിന്തുണ നൽകി.

ഈ കാലഘട്ടത്തിൽ മാരാമൺ സ്വദേശിയായ പാലക്കുന്നത്ത് മാത്തച്ചന്റെ പുത്രൻ മാത്യൂസ് ശെമ്മാശനെ ജനങ്ങളുടെ അപേക്ഷയെന്ന രീതിയിൽ മർദ്ദീനിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ അയച്ചു. പ. ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് ബാവാ 1842 ഫെബ്രുവരി 2-ാം തീയതി മാത്യൂസ് ശെമ്മാശനെ പൗരോഹിത്യസ്ഥാനങ്ങൾ നൽകി മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കുകയും ചെയ്തു. ഇദ്ദേഹമാണ് മാർത്തോമാ സഭയുടെ പ്രാരംഭകൻ.

നിയമാനുസൃതമല്ലാതെ വാഴിക്കപ്പെട്ട മാത്യുസ് അത്താനാസിയോസ് നവീകരണക്കാരോട് ചേർന്ന് പ്രവർത്തിക്കുന്നതിനാരംഭിച്ചു. മാത്യൂസ് അത്താനാസിയോസിനെ സംബന്ധിച്ചുള്ള പരാതികൾ പരിശുദ്ധ പാത്രിയർക്കീസ് ബാവ മനസ്സിലാക്കിയപ്പോൾ അതേക്കുറിച്ചന്വേഷിക്കുന്നതിന് മോർ കൂറീലോസ് യൂയാക്കീം ബാവ മലങ്കരയിലേക്ക് അയയ്ക്കപ്പെട്ടു 1846 ചിങ്ങമാസം 26-ാം തീയതി മോർ കൂറിലോസ് യൂയാക്കീം ബാവാ സ്വസഹോദരനായ ഇസ്രയേലിനോടൊന്നിച്ച് കൊച്ചിയിൽ എത്തിച്ചേർന്നു. ചേപ്പാട്ട് മോർ ദീവന്നാസിയോസിന്റെ നേതൃത്വത്തിൽ മലങ്കരസഭയിലെ സത്യവിശ്വാസികൾ മോർ കൂറിലോസ് ബാവായെ സ്വീകരിച്ചു. മോർ കൂറീലോസ് ബാവാ മാത്യൂസ് അത്താനാസിയോസിനെ സംബന്ധിച്ചുള്ള പരാതികൾ കേൾക്കുകയും അദ്ദേഹം കുറ്റക്കാരനാണെന്ന് ബോധ്യമായതിനാൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ കൊടുത്തയച്ചിരുന്ന മുടക്കു കല്പന പരസ്യപ്പെടുത്തുകയും ചെയ്തു.

മുടക്കിനെ തുടർന്ന് മാത്യൂസ് അത്താനാസിയോസ് പ്രൊട്ടസ്റ്റന്റുകാരെ ശരണം പ്രാപിച്ചു. അവരുടെ സ്വാധീനത്താൽ 1848 ജൂൺ 9-ാം തീയതി തിരുവിതാംകൂർ രാജാവിനെ കൊണ്ട് മാത്യൂസ് അത്താനാസിയോസ് നിയമാനുസൃത മെത്രാപ്പോലീത്തായാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. മാത്യൂസ് അത്തനാസിയോസിന്റെ സ്വാധീനം മൂലം അന്നത്തെ ബ്രിട്ടീഷ് റസിഡന്റ്, വിദേശ മെത്രാന്മാർ തിരുവിതാംകൂറിലും കൊച്ചിയിലും പ്രവേശിക്കരുതെന്ന നിരോധന ഉത്തരവ് പുറപ്പെടുവിച്ചു. ഇതേ തുടർന്ന് 1849 ജനുവരി 8-ാം തീയതി മോർ കൂറിലോസ് ബാവാ കോട്ടയത്തുനിന്ന് കൊച്ചിയിലേക്ക് പോകുന്നതിന് നിർബ്ബന്ധിതനായി (Aphrem Paulose, 1964). മോർ കൂറിലോസ് ബാവാ ഫോർട്ട് കൊച്ചിയിൽ താമസിക്കുകയും അവിടെ ഒരു പള്ളി പണിയിക്കുകയും ചെയ്തു.

പുതിയ സംഭവവികാസങ്ങൾ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് രണ്ടാമൻ (1847-1871) ബാവാ അറി

ഞ്ഞപ്പോൾ മോർ അത്താനാസിയോസ് സ്തേഫാനോസ് ബാവായെ മലങ്കരയിലേക്കയച്ചു. ഇദ്ദേഹം 1849 ഫെബ്രുവരിയിൽ കൊച്ചിയിലെത്തി. സാഹചര്യങ്ങൾക്കു മാറ്റം വരാത്തതിനാൽ മോർ അത്താനാസിയോസ് സ്തേഫാനോസ് ബാവാ 1852 സെപ്തംബർ 1-ാം തീയതി കൽക്കട്ട വഴി ലണ്ടനിലെത്തി ഈസ്റ്റ് ഇന്ത്യാ കമ്പനി ഡയറക്ടേഴ്സ് കോടതിയിൽ പരാതിപ്പെടുകയും 1857ൽ നിരോധന ഉത്തരവ് റദ്ദാക്കുകയും ചെയ്തു. തുടർന്ന് മോർ കൂറിലോസ് ബാവായ്ക്ക് മലങ്കരയിൽ യഥേഷ്ടം സഞ്ചരിക്കുന്നതിന് സ്വാതന്ത്ര്യം ലഭിച്ചു. നവീകരണ ശ്രമങ്ങളെ പരാജയപ്പെടുത്തിയും പുതിയ പള്ളികൾ പണികഴിപ്പിച്ചും മോർ കൂറീലോസ് യൂയാക്കീം ബാവാ സത്യവിശ്വാസം സംരക്ഷിച്ചു.

മാത്യൂസ് അത്താനാസിയോസ് കോട്ടയം സെമിനാരി പ്രസ്സിൽ നിന്നും അച്ചടിപ്പിച്ച നമസ്കാര പുസ്തകത്തിൽ 'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചേർത്തിരുന്നില്ല. അതിനാൽ മോർ കൂറീലോസ് ബാവാ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ കോഴിക്കോട്ടയച്ച് നമസ്കാര പുസ്തകത്തിന്റെ 2000 കോപ്പികൾ അച്ചടിപ്പിച്ച് വിതരണം ചെയ്തു. വൈദ്യശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും പണ്ഡിതനായിരുന്ന ബാവാ പലരേയും ചികിത്സിച്ച് സുഖപ്പെടുത്തി. സുറിയാനി, അറബി ഭാഷകളിൽ നിപുണനായിരുന്ന ബാവാ 28 വർഷത്തെ മലങ്കരയിലെ താമസത്തിനിടയിൽ മലയാള ഭാഷയും പഠിക്കുകയുണ്ടായി.

മലങ്കരയുടെ ഊർശ്ലേമെന്നറിയപ്പെടുന്ന മുളന്തുരുത്തി പള്ളിയിലായിരുന്നു മോർ കൂറീലോസ് ബാവാ കൂടുതൽ കാലം ചെലവഴിച്ചത്. മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകയിലെ ചാത്തുരുത്തിൽ ഗീവറുഗീസ് ശെമ്മാശന് കശ്ശീശാ സ്ഥാനവും (1865) പിന്നീട് കോർ എപ്പിസ്കോപ്പാ സ്ഥാനവും നൽകിയത് മോർ കൂറീലോസ് ബാവായാണ്. ഈ ഇടവകയിലെ തന്നെ കൊച്ചുപറമ്പിൽ ഈലോസിന് 1860ൽ ശെമ്മാശപട്ടം നൽകിയതും (പിന്നീട് മോർ കൂറിലോസ് പൗലോസ്, പാണംപടി, d. 1917) മോർ കൂറീലോസ് യൂയാ

ക്കീം ബാവായാണ്. മേൽപ്പറഞ്ഞ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെയും (d. 1902) കൊച്ചുപ റമ്പിൽ മോർ കൂറീലോസ് തിരുമേനിയുടെയും ആത്മിക വളർച്ചയ്ക്കുള്ള പ്രചോദനം മോർ കൂറീലോസ് യൂയാക്കീം ബാവായുമായുള്ള സഹവാസമായിരുന്നു.

മലങ്കരസഭയിൽ 28 വർഷം സ്തുത്യർഹമായ സേവനങ്ങൾ നിർവ്വഹിച്ച മോർ കൂറീലോസ് യൂയാക്കീം ബാവ 1874 സെപ്തം ബർ 2-ാം തീയതി കാലംചെയ്ത് മുളന്തുരുത്തി മാർത്തോമൻ പള്ളിയുടെ വടക്കുവശത്ത് കബറടക്കപ്പെട്ടു. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നമ്പർ E214/08 (dated 10-10-2008) കല്പന പ്രകാരം ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഇദ്ദേഹത്തിന്റെ ഓർമ്മ പെരുന്നാൾ സെപ്തംബർ 2-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു.

## പുണ്യശ്ലോകനായ
## മോർ അത്താനാസിയോസ് ശെമവൂൻ ബാവാ
### (ഏ. ഡി.? - 1889)

പ. പത്രോസ് നാലാമൻ (മൂന്നാമൻ) പാത്രിയർക്കീസ് ബാവാ 1876 ലെ മുളന്തുരുത്തി സുന്നഹദോസിനുശേഷം 1877 മെയ് 16-ാം തീയതി ബോംബെയിൽ നിന്നു തിരിച്ചുപോയി. ആ കാലഘട്ടത്തിൽ പഴയ സെമിനാരിയും വസ്തുവകകളും നവീകരണക്കാരുടെ കൈവശമായിരുന്നു. നവീകരണക്കാർ, പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന, വി. കന്യകമറിയാമിനോടുള്ള മധ്യസ്ഥപ്രാർത്ഥന എന്നിവയും അനുബന്ധമായ രീതികളും മാറ്റുന്നതിന് പ്രയത്നിച്ച മിഷനറിമാരോടു കൂട്ടുചേർന്നവരാണ്.

അന്നത്തെ തിരുവിതാംകൂർ കോടതി പ്രൊട്ടസ്റ്റന്റ് (നവീകരണക്കാർ) അനുഭാവികളുള്ള പള്ളികളിൽ ഒരുതവണ അവരുടെ പട്ടക്കാർക്കുമുണ്ടായിരിക്കത്തക്കവിധം വിധി പ്രസ്താവിച്ചിരുന്നു. ആയതിനാൽ ഒന്നിടവിട്ട ആഴ്ചകളിൽ രണ്ടുകൂട്ടരും ശുശ്രൂഷകൾ നടത്തിപ്പോന്നു. എന്നാൽ കോട്ടയം ചെറിയപള്ളി, ആലപ്പുഴ മുൻസീഫ് നവീകരണക്കാർക്ക് അനുകൂലമായി വിധിച്ചതിനാൽ സത്യവിശ്വാസികൾ ആ പള്ളിയുപേക്ഷിച്ച് തൊട്ടടുത്തുള്ള പുത്തൻപള്ളിയിൽ ആരാധനകൾ നിർവ്വഹിക്കേണ്ടതായി വന്നു.

നവീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവന്നതിനാൽ 1865ൽ പ. ഇഗ്നാത്തിയോസ് യാക്കൂബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായാൽ മലങ്കര മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട ജോസഫ് മാർ ദീവന്നാസിയോസ് (മുമ്പ് ആർത്താറ്റ് കുന്നംകുളം പള്ളി വികാരിമാരിലൊരാളും, പിന്നീട് മുളന്തുരുത്തി

പള്ളിയിൽ കബറടങ്ങിയ യുയാക്കീം മാർ കുറീലോസ് ബാവായുടെ സെക്രട്ടറിയുമായ പുലിക്കോട്ടിൽ ജോസഫ് കശീശ്ശ) 1879ൽ നവീകരണ വക്താവായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസിന്റെ പിൻഗാമിയായ തോമസ് അത്താനാസിയോസിനെ പ്രതിയാക്കി അന്യായം ബോധിപ്പിച്ചു.

1880ൽ പ. പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവായ്ക്കു ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയും പരിശുദ്ധനായ പരുമല തിരുമേനിയും ചേർന്ന് ഒരു കത്തയച്ചു. കത്തിൽ നവീകരണക്കാരിൽനിന്ന് അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വിവരിച്ചിരുന്നു. വിവരങ്ങൾ അറിഞ്ഞ് ദുഃഖിതനായ ബാവാ, 1849ൽ തുറബ്ദീൻകാരനായ മോർ അത്താനാസിയോസ് സ്തേഫാനോസിനോടു കൂടെ മലങ്കരയിൽ വന്നിട്ടുള്ള എസ്ഫസ്കാരൻ ശെമവൂൻ റമ്പാച്ചനെ മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് 1880ൽ സ്ലീബാ ശെമ്മാശനോടുകൂടെ മലങ്കരയിലേക്കയച്ചു (പിന്നീട് അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി വന്ന ആർത്താറ്റ് സിംഹാസന പള്ളിയിൽ കബറടങ്ങിയ പരിശുദ്ധനായ സ്ലീബാ മാർ ഒസ്താത്തിയോസ് ബാവാ). അവർ 1881 ജനുവരി 1-ാം തീയതി കൊച്ചിയിലെത്തി.

മേൽപ്പറഞ്ഞ കാലഘട്ടത്തിൽ മലങ്കരയിലുണ്ടായിരുന്ന സിംഹാസന പ്രതിനിധി മാർ കൂറിലോസ് യുയാക്കീം ബാവാ 1874ൽ കാലം ചെയ്ത് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ കബറടങ്ങി. ഈ പിതാവ് 1846 മുതൽ 28 വർഷങ്ങൾ മലങ്കരയിൽ സത്യവിശ്വാസത്തെപ്രതി യത്നിച്ച് ദൈവവേല ചെയ്തു.

മിഷനറിമാർക്ക് ഭരണാധികാരികളുടെ ഒത്താശയുണ്ടായിരുന്നതിനാൽ സത്യവിശ്വാസം നിലനിർത്തുന്നതിന് പുണ്യശ്ലോകനായ ജോസഫ് മോർ ദീവന്നാസിയോസ് (പുലിക്കോട്ടിൽ) തിരുമേനിയും, സ്ലീബാ ശെമ്മാശനും പുത്തൻ

പള്ളിയിൽ താമസിച്ച് കഠിനാദ്ധ്വാനം ചെയ്തു. സത്യവിശ്വാസം സത്യസഭയിൽ ദൈവം നിലനിർത്തുന്നതായി സുറിയാനി സഭാമക്കൾ അനുഭവിച്ചറിഞ്ഞു. 1889ൽ പഴയ സെമിനാരിയും സ്വത്തുക്കളും ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിക്കു വിധിയിലൂടെ ലഭിച്ചപ്പോൾ പുത്തൻപള്ളിയിൽനിന്ന് പഴയ സെമിനാരിയിലേക്കു താമസം മാററി.

വിധിയുടെ പശ്ചാത്തലത്തിൽ നവീകരണം പ്രചരിപ്പിച്ച മിഷനറിമാർക്ക് സെമിനാരിയിൽ പ്രവേശിക്കുവാൻ സാധിക്കാതെയായി. അപ്പോൾ അവർ ഇന്ന് സി. എം. എസ് കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ സെമിനാരി ആരംഭിച്ചു. അന്നുമുതൽ ആദ്യത്തെ സെമിനാരി പഴയ സെമിനാരി എന്നറിയപ്പെടാൻ തുടങ്ങി.

സുറിയാനി സഭയിൽ സത്യവിശ്വാസം നിലനിർത്തുന്നതിന് മലങ്കരയിൽ റമ്പാച്ചനെന്ന നിലയിൽ 1849ൽ വന്ന് 1881–1889 വരെ മെത്രാപ്പോലീത്തായെന്ന നിലയിൽ ശുശ്രൂഷിച്ച ശെമവൂൻ മോർ അത്താനാസിയോസ് ബാവാ 1889 ജൂൺമാസം 11–ാം തീയതി പഴയ സെമിനാരിയിൽവച്ച് കാലംചെയ്തു. കോട്ടയം പുത്തൻപള്ളിയുടെ മദ്ബഹായുടെ വടക്കുവശത്തു കബറടക്കപ്പെട്ടു. മലങ്കരയുടെ മണ്ണിൽ കബറടങ്ങിയ ബാവാ അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ മങ്ങാത്ത സ്മാരകമായി പ്രശോഭിക്കുന്നു.

# പരിശുദ്ധനായ
# മോർ ഒസ്താത്തേവോസ് സ്ലീബാ ബാവാ
## (ഏ. ഡി. 1854 – 1930)

അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ നിത്യസ്മാരകമാണ് കുന്നംകുളം സിംഹാസനപ്പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധനായ സ്ലീബാ മാർ ഒസ്താത്തേവോസ് ബാവ. മെസപൊട്ടോമ്യയിലെ അമീദ് പട്ടണത്തിനടുത്തുള്ള ശൃഹറെ എന്ന സ്ഥലത്തെ കഫർസൊ ഗ്രാമമാണ് ജന്മസ്ഥലം. അബാക്കർ കുടുംബത്തിൽ സൽബിയുടെയും നബൂനയുടെയും മകനായി 1854 ജനുവരി മാസം 1–ാം തീയതി സ്ലീബാ ഭൂജാതനായി. സ്ലീബായ്ക്ക് രണ്ട് സഹോദരന്മാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. സ്ലീബായുടെ ബാല്യത്തിൽത്തന്നെ പിതാവായ സൽബി നിര്യാതനായി. സ്ലീബായുടെ പിതൃസഹോദരനായ ദനഹാ കശീശാ ആയിരുന്നു ആദ്യത്തെ ഗുരുനാഥൻ. പ്രാരംഭ പഠനത്തിനുശേഷം ദമസ്കോസ് പള്ളി വികാരിയായിരുന്ന വന്ദ്യ ശെമവൂൻ റമ്പാച്ചന്റെ അടുക്കൽ സുറിയാനി ഭാഷയും വേദശാസ്ത്രവും പഠിച്ചു.

**ഗുരുവായ വന്ദ്യ ശെമവൂൻ റമ്പാച്ചൻ**

1849ൽ യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ്സ് ബാവ മലങ്കരയിലേക്കയച്ച മോർ അത്താനാസിയോസ് സ്തേഫാനോസ് മെത്രാപ്പോലീത്തായുടെ കൂടെ വന്ദ്യ ശെമവൂൻ റമ്പാച്ചൻ ആദ്യമായി മലങ്കരയിൽ വന്നു. എട്ട് വർഷം മലങ്കരയിൽ താമസിച്ചതിനുശേഷം ശീമയിലേക്ക് മടങ്ങി. പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പാഷാണ്ഡോപദേശങ്ങൾ സുറിയാനി സഭാമക്കളിൽ ചലനങ്ങൾ ഉണ്ടാക്കിയിരുന്ന കാലമായിരുന്നു അത്.

1875ൽ പത്രോസ് തൃതീയൻ (നാലാമൻ) പാത്രിയർക്കീസ് ബാവായുടെ ആഗമനവും 1876 ലെ മുളന്തുരുത്തി സുന്നഹദോസും പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായാക്കിയുള്ള നിയമനവും ഭദ്രാസന ഭരണ ക്രമീകരണങ്ങളും പ. ചാത്തുരുത്തിൽ കൊച്ചു തിരുമേനിയുൾപ്പെടെയുള്ള തിരുമേനിമാരുടെ വാഴ്ചയും സഭയിൽ സത്യവിശ്വാസം നിലനിർത്തുന്നതിനു സഹായകമായി. വി. കന്യകമറിയാമിന്റെ മധ്യസ്ഥതയെയും, മരിച്ചവരുടെ ഓർമ്മ ആചരിക്കുന്നതിനെയും വേദവിപരീതമെന്ന് പ്രചരിപ്പിച്ചുകൊണ്ടിരുന്ന നവീകരണക്കാരുടെ പ്രവർത്തനം മൂലമുണ്ടായിക്കൊണ്ടിരുന്ന പ്രയാസങ്ങളെപ്പറ്റി മലങ്കര മെത്രാപ്പോലീത്തായായിരുന്ന മോർ ദീവന്നാസിയോസ് ജോസഫ് തിരുമേനിയും, പ. ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ് തിരുമേനിയും ചേർന്ന് പ. പാത്രിയർക്കീസ് ബാവായുടെ അടുക്കൽ സങ്കടം അറിയിച്ചു. 17-ാം നൂറ്റാണ്ടിൽ പറങ്കി വേദത്തിൽനിന്നും സഭയെ വീണ്ടെടുത്ത പ. അന്ത്യോഖ്യാ സിംഹാസനം 19-ാം നൂറ്റാണ്ടിലും സംരക്ഷണത്തിനായെത്തി.

1880ൽ പ. പത്രോസ് പാത്രിയർക്കീസ് ബാവ വന്ദ്യ ശെമവൂൻ റമ്പാച്ചനെ മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കരയിലേക്ക് അയച്ചു. ശിഷ്യനായ സ്ലീബായ്ക്കു ശെമ്മാശ സ്ഥാനം നൽകി, ഗുരുവും ശിഷ്യനും കേരളത്തിലേക്ക് യാത്രതിരിച്ചു. 1881 ജനുവരി മാസം 1-ാം തീയതി കൊച്ചിയിൽ വന്നിറങ്ങി.

കോട്ടയം പഴയ സെമിനാരിയും കോട്ടയം ചെറിയപള്ളിയും നവീകരണക്കാരുടെ കൈവശമായതിനാൽ സത്യവിശ്വാസികൾ കോട്ടയം പുത്തൻപള്ളി സ്ഥാപിച്ച് ദിവ്യാരാധന നടത്തിവന്നു. ശെമവൂൻ മാർ അത്താനാസിയോസ് ബാവായും, സ്ലീബാ ശെമ്മാശനും പുത്തൻപള്ളിയിൽ താമസമാക്കി. 1889-ൽ കോട്ടയം പഴയസെമിനാരി, ജോസഫ് മോർ ദീവന്നാസിയോസിന് കോടതി വിധിമൂലം ലഭിച്ചപ്പോൾ മോർ ശെമവൂൻ ബാവായും സ്ലീബാ ശെമ്മാശനും പഴയസെമിനാരിയിലേക്ക് താമസം മാറ്റി. 1881 മുതലുള്ള എട്ടുവർഷത്തെ

സത്യവിശ്വാസ സംരക്ഷണത്തെ പ്രതിയുള്ള കഠിനാധ്വാനത്തെ തുടർന്ന് ശെമവൂൻ മാർ അത്താനാസിയോസ് ബാവ 1889 ജൂൺ 11-ാം തീയതി പഴയസെമിനാരിയിൽ വച്ച് കാലം ചെയ്തു. മോർ ശെമവൂൻ ബാവയെ ദീർഘകാലം താമസിച്ച കോട്ടയം പുത്തൻപള്ളിയിൽ കബറടക്കി. സ്വദേശത്തും വിദേശത്തും സ്ലീബാ ശെമ്മാശന്റെ ഗുരുവായിരുന്ന ബാവായുടെ വേർപാടിൽ സ്ലീബാ ശെമ്മാശൻ വാവിട്ടുകരഞ്ഞുവെങ്കിലും ''കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടുനോക്കാതെ'' പഴയ സെമിനാരിയിൽ താമസിച്ച് സുവിശേഷവേലയും സഭാ ചരിത്രപ്രസംഗങ്ങളും നടത്തി സഭയെ സത്യവിശ്വാസത്തിൽ നിലനിർത്താൻ അത്യുത്സാഹം ചെയ്തു.

**പ. ചാത്തുരുത്തിൽ തിരുമേനിയും സ്ലീബാ ശെമ്മാശനും**

പരിശുദ്ധനായ ചാത്തുരുത്തിൽ മോർ ഗ്രിഗോറിയോസ് തിരുമേനിക്ക് സ്ലീബാ ശെമ്മാശനെ വലിയ സ്നേഹവും മതിപ്പുമായിരുന്നു. 1895-ൽ വിശുദ്ധനാട് സന്ദർശിക്കുന്നതിന് പ. ചാത്തുരുത്തിൽ തിരുമേനിയുടെ യാത്രാക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിച്ചതും സഹായിച്ചതും സ്ലീബാ ശെമ്മാശനായിരുന്നു. ആത്മിക സുകൃതങ്ങൾ ഒരുപോലെ ഉൾക്കൊള്ളുന്ന പുണ്യാത്മാക്കൾ ഉറ്റമിത്രങ്ങളായതിൽ അത്ഭുതപ്പെടാനില്ലല്ലോ. ഊർശ്ലേം യാത്രയ്ക്കുശേഷം പ. പരുമലതിരുമേനിയോടൊപ്പം സ്ലീബാ ശെമ്മാശനും മലങ്കരയിൽ തിരിച്ചെത്തി.

ഉറ്റ മിത്രങ്ങളായിരുന്ന പ. ചാത്തുരുത്തിൽ തിരുമേനിയും സ്ലീബാ ശെമ്മാശനും പരുമല സെമിനാരിയിൽ ഒത്തുചേരുമായിരുന്നു. 1902 നവംബർ 2 ന് പരുമല തിരുമേനി കാലം ചെയ്തപ്പോൾ സ്ലീബാ ശെമ്മാശന് മലങ്കരയിലെ ഗുരുവും നഷ്ടപ്പെട്ടു. എന്നാൽ തുടർന്നും സുവിശേഷവേല ചെയ്തും മെമ്രാകൾ രചിച്ചും ഗ്രന്ഥങ്ങളെഴുതിയും സുറിയാനി സഭയെ സമ്പന്നമാക്കി. ദീർഘകാലത്തെ മലങ്കരയിലെ താമസം കൊണ്ട് (ഉച്ചാരണശുദ്ധിയില്ലാതെയെങ്കിലും) മലയാളം സംസാരിക്കാൻ ബാവായ്ക്ക് അറിയാമായിരുന്നു.

**മെത്രാപ്പോലീത്താ സ്ഥാനലബ്ദി**

സ്ലീബ ശെമ്മാശനെ മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കര സഭയിലെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി നിയമിക്കുന്നതിന് പ. പാത്രിയർക്കീസ് ബാവാ നിശ്ചയിച്ചതറിഞ്ഞ് മലങ്കര മെത്രാപ്പോലീത്തയായ മാർ ദീവാന്നാസിയോസ് ജോസഫ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം കൂടി സ്ലീബാ ശെമ്മാശന് ഭാവുകങ്ങൾ ആശംസിക്കുകയും ഒരു സ്വർണ്ണമാലയും കുരിശും സമ്മാനമായി നൽകുകയും ചെയ്തു.

1906ൽ സ്ലീബാ ശെമ്മാശൻ ശീമയിലേക്ക് യാത്രതിരിച്ചു. കൂടെ ചേട്ടാളത്തുംകര മത്തായി ശെമ്മാശനും (പിന്നീട് ഔഗേൻ കാതോലിക്ക) പോയിരുന്നു. ഇരുവരും മൂസലിലെ മോർ മത്തായിയുടെ ദയറായിൽ എത്തി. അവിടെവച്ച് ദയറാധിപനായ മോർ കൂറിലോസ് ഏലിയാസ് കുദ്സോ മെത്രാപ്പോലീത്ത സ്ലീബാ ശെമ്മാശന് റമ്പാൻ (ദയറോയൂസോ) സ്ഥാനം നൽകി. രണ്ടാഴ്ചക്കുശേഷം കശീശ്ശാ സ്ഥാനവും നൽകി. തുടർന്ന് രണ്ടുവർഷം സ്ലീബാ കശീശ്ശാ ശീമയിൽ പള്ളികളും ദയാറകളും സന്ദർശിച്ച് നാഥന്റെ മുന്തിരിത്തോപ്പിൽ അവിരാമം അധ്വാനിച്ചു.

1908 മാർച്ച് മാസത്തിൽ അന്ത്യോഖ്യായുടെ പ. അബ്ദേദ് ആലോഹൊ രണ്ടാമൻ പാത്രിയർക്കീസ് ബാവ മൂസലിലുള്ള നാല്പത് സഹദേന്മാരുടെ പള്ളിയിൽവച്ച് സ്ലീബാ കശീശ്ശായെ ഒസ്താത്തേവോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് സിംഹാസന പ്രതിനിധിയായി നിയമിച്ചു.

മലങ്കര മെത്രാപ്പോലീത്തയായിരുന്ന മോർ ദീവന്നാസിയോസ് ജോസഫ് തിരുമേനിക്ക് വാർധക്യമായതുകൊണ്ടും മുറിമറ്റത്തിൽ മാർ ഈവാനിയോസ് സഭാ ഭരണത്തിൽനിന്നും വിരമിച്ചതിനാലും 1908 മാർച്ചിൽ പഴയ സെമിനാരിയിൽ കൂടിയ പള്ളി പ്രതിപുരുഷയോഗം മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്ത വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാച്ചനെയും മെത്രാൻ സ്ഥാനം

ഏൽക്കേണ്ടതിനായി ശീമയിലേക്കയച്ചു. പ. അബ്ദേദ് ആലോഹൊ പാത്രിയർക്കീസ് ബാവ രണ്ടുപേർക്കും മേൽപ്പട്ടസ്ഥാനം കൊടുത്തു. അങ്ങനെ മോർ ഒസ്താത്തേവോസ് സ്ലീബാ ബാവയുൾപ്പെടെ മൂന്ന് നവാഭിക്ഷിക്തരായ മെത്രാപ്പോലീത്തന്മാരും ഔഗേൻ റമ്പാച്ചനും കൂടി നാട്ടിലേക്ക് മടങ്ങി.

1909 ജൂലൈ മാസം 11-ാം തീയതി മോർ ദീവന്നാസിയോസ് ജോസഫ് തിരുമേനി കാലംചെയ്തപ്പോൾ ഭരണപരമായ ചുമതലകൾ സ്ലീബാ മാർ ഒസ്താത്തേവോസ് ബാവ അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധി എന്നനിലയിൽ നിർവഹിച്ചു. പഴയ സെമിനാരിയിൽവച്ച് മറ്റ് മെത്രാപ്പോലീത്തന്മാരുടെ സാന്നിധ്യത്തിൽ മോർ ദീവന്നാസിയോസ് ഗീവറുഗീസിനെ മലങ്കര മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം നടത്തുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയുടെ കാലം മുതൽ പ. അന്ത്യോഖ്യാ സിംഹാസനത്തോട് അകൽച്ചയും പുണ്യവാനായ മോർ ഒസ്താത്തേവോസ് സ്ലീബാ ബാവായോട് വൈരാഗ്യവും ആരംഭിച്ചു. ഒന്നരദശകത്തിലധികം പഴയസെമിനാരിയിൽ താമസിച്ചിരുന്ന ബാവാ അവിടെനിന്ന് താമസംമാറ്റി. സഭാകേസ്സിലും ഭരണകാര്യങ്ങളിലും സാമ്പത്തികബുദ്ധിമുട്ടുകളിലും ബാവ തളർന്നില്ല. സഭാമക്കളെ വിശ്വാസസ്ഥിരരും കർത്തവ്യോന്മുഖരുമാക്കിത്തീർക്കുന്നതിന് ബാവ മലങ്കരയിലുടനീളം സഞ്ചരിച്ചു. കല്ലുങ്കത്ര, മലേക്കുരിശ്, പൊയ്ക്കാട്ടുശ്ശേരി തുടങ്ങി പല പള്ളികളിലും ബാവ ദീർഘനാൾ താമസിച്ചിട്ടുണ്ട്.

### കുന്നംകുളം സിംഹാസനപ്പള്ളി സ്ഥാപനം

1910 മുതൽ വട്ടശ്ശേരിൽ തിരുമേനിയും പ. പാത്രിയർക്കീസ് ബാവായുമായുള്ള തർക്കങ്ങളും മെത്രാൻ കക്ഷി, ബാവാ കക്ഷി എന്നീ ചേരിതിരിവുകളും മൂർഛിച്ചു. വ്യവഹാരങ്ങൾ മൂലം പൂർവ്വിക വിശ്വാസത്തിൽ നിലനിന്നിരുന്നവരുടെ ആത്മീയ ആവശ്യങ്ങൾ ആർത്താറ്റ് വലിയപള്ളിയിൽ നടത്തികിട്ടുവാൻ തടസ്സം നേരിട്ടു.

പ. പാത്രിയർക്കീസ് ബാവായുടെയും അദ്ദേഹത്തിന്റെ ഇന്ത്യയിലെ പ്രതിനിധികളുടെയും നേരിട്ടുള്ള ഭരണത്തിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന് കുന്നംകുളത്തു പാർക്കുന്ന സത്യവിശ്വാസികൾ ആഗ്രഹിച്ചു. അതനുസരിച്ച് പ. സിംഹാസനത്തിനുവേണ്ടി പുണ്യവാനായ മോർ ഒസ്താത്തേവോസ് ബാവയുടെ പേർക്ക് സ്ഥലം ദാനതീറായി നൽകി.

1920 ഒക്ടോബർ 9-ാം തീയതി മോർ ഒസ്താത്തോവോസ് ബാവ പള്ളിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. ഓലയും പനമ്പും കൊണ്ടു മറച്ച ഒരു ഷെഡുണ്ടാക്കി വി. കുർബ്ബാന അർപ്പിച്ചു. പുണ്യവാനായ ബാവ ശീമയിൽനിന്നു കൊണ്ടുവന്ന മോർ കൗമായുടെ തിരുശേഷിപ്പിട്ട് വാഴ്ത്തിയ വെള്ളം അനേകം രോഗികൾക്ക് സൗഖ്യകാരണമായി. (ഇന്നും ബാവാ വാഴ്ത്തിയ വെള്ളം വർധിപ്പിച്ച് അനുഗ്രഹത്തിനായി നൽകി വരുന്നു). ക്രൈസ്തവരും അക്രൈസ്തവരും ഒരുപോലെ ബാവായുടെ അടുക്കൽ വന്നുകൂടി. യെഹൂദജനത്തിന് അന്ധത ബാധിച്ചതുപോലെ പലവിധത്തിലും പ. അന്ത്യോഖ്യാ പ്രതിനിധിയെ ഉപദ്രവിക്കുന്നതിന് മെത്രാൻകക്ഷികൾ ഒരുമ്പെട്ടു. എങ്കിലും ഓങ്ങിയ കൈകളും ചതിപ്രയോഗങ്ങളും ഏറെനാൾ നിലനിന്നില്ല. ഈ കാലയളവിൽ പുണ്യവാനായ ബാവാ മലേക്കുരിശിലും വടവുകോട്ടും പള്ളികൾ സ്ഥാപിച്ചു.

**ബാവായുടെ ദേഹവിയോഗം**

1927 മുതൽ പുണ്യവാനായ ബാവായുടെ ആരോഗ്യ സ്ഥിതി മോശമായി. ഹെർണിയ രോഗത്താൽ ബാവാ ഏറെ വിഷമിച്ചു. (അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധി പുണ്യവാനായ യൂലിയോസ് ഏലിയാസ് ബാവാ 1927 മുതൽ ഒസ്താത്തിയോസ് ബാവായുടെ സഹായിയായി പ്രവർത്തിച്ചുകൊണ്ടിരുന്നു). 1930 മാർച്ച് മാസത്തിൽ രോഗം വർധിച്ചു. മാർച്ച് 13-ാം തീയതി കന്തീല ശുശ്രൂഷ നടത്തി. യൂലിയോസ് ഏലിയാസ് ബാവായുൾപ്പെടെയുള്ള മെത്രാപ്പോലീത്തന്മാരും വൈദികരും പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കെ മാർച്ച്

19-ാം തീയതി ചൊവ്വാഴ്ച രാത്രി 9 മണിക്ക് ബാവാ തന്റെ ആത്മാവിനെ സ്വർഗ്ഗപിതാവിന്റെ തൃക്കരങ്ങളിലേൽപ്പിച്ചു. ബുധനാഴ്ച മുഴുവനും വലിയ ജനക്കൂട്ടം ബാവായെ ഒരുനോക്കു കാണുന്നതിന് തിക്കും തിരക്കും കൂട്ടി. വ്യാഴാഴ്ച രാവിലെ 8 മണിക്ക് വിലാപയാത്രയും തുടർന്ന് അഞ്ച് തിരുമേനിമാർ ചേർന്ന് കബറടക്ക ശുശ്രൂഷകളും പൂർത്തിയാക്കി. മീഖായേൽ മാർ ദീവന്നാസിയോസ്, ഔഗേൻ മാർ തീമോത്തിയോസ് എന്നീ തിരുമേനിമാർ ചരമപ്രസംഗങ്ങൾ നടത്തി ജനങ്ങളെ ആശ്വസിപ്പിച്ചു.

ബാവായുടെ തിരുശേഷിപ്പുകൾ അനേകായിരങ്ങൾക്ക് ദൈവകൃപയ്ക്കുള്ള മധ്യസ്ഥതയായി തുടരുന്നു. സ്ലീബാ എന്ന പേരിൽ മാമോദീസാ ഏൽക്കുന്ന കുഞ്ഞുങ്ങൾ പുണ്യവാനായ ബാവായുടെ മധ്യസ്ഥതയ്ക്കായി സമർപ്പിക്കപ്പെടുന്നു. ദരിദ്രരെ സഹായിക്കാനും നിഷ്ഠയോടെ നോമ്പാചരിക്കാനും വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാനും ബാവാ അവശേഷിപ്പിച്ചുപോയ മാതൃക അനുകരിപ്പാൻ നമുക്ക് കഴിയട്ടെ. 1958ലെ 'സമാധാനം' കുന്നംകുളത്ത് അസമാധാനം വിതച്ചു. കഴിഞ്ഞ അറുപതു വർഷങ്ങളായി വ്യവഹാരങ്ങൾ ഒരു തുടർക്കഥയായിരിക്കുന്നു. പരീക്ഷ സഹിക്കുന്നതിൽ ഒട്ടും തളരാതെയിരുന്ന ബാവയുടെ മാതൃക കർത്താവിന്റെ വീണ്ടുംവരവുവരെയും പിന്തുടരാം.

നമ്പർ E 71/2000, ഏപ്രിൽ 4, 2000 ലെ പ. പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം മോർ ഒസ്താത്തിയോസ് ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

# പരിശുദ്ധനായ
# മോറാൻ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ
### (എ. ഡി. 1867 - 1932)

പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവാ 1867 ഒക്ടോബർ 13-ാം തീയതി മർദ്ദീനിൽ ജനിച്ചു. ഷാക്കീർ കുടുംബത്തിൽ വന്ദ്യ ഏബ്രഹാം കോറെപ്പിസ്കോപ്പായുടെയും മറിയാമിന്റെയും രണ്ടാമത്തെ മകനായി ജനിച്ച ബാവാ, നാസിറി (ജയാളി) എന്ന പേരിലാണ് ആദ്യം അറിയപ്പെട്ടത് (John, 1982).

പരിശുദ്ധ ബാവായ്ക്ക് നാല് സഹോദന്മാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. മാതാവിന്റെ മരണശേഷം മൂത്ത സഹോദരി ഹെലീനയാണ് ബാവായെ വളർത്തിയത്. ജ്യേഷ്ഠസഹോദരനായ ജോസഫിന്റെ മകൻ സഖറിയ, ബാവായുടെ സെക്രട്ടറി എന്ന നിലയിൽ ബാവായോടൊപ്പം മലങ്കരയിൽ വന്നിരുന്നു. ഇളയ സഹോദരനായ അഫ്രേം, മൂസലിലെ ഒരു മെഡിക്കൽ ഡോക്ടറായിരുന്നു.

പ. ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. ബാലനായ നാസിറി കുർക്കുമ ദയറായിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. ഇടക്കാലത്ത് ഒരു സർക്കാർ ആഫീസിൽ ജോലി നോക്കിയെങ്കിലും മൂന്നു മാസത്തിനുശേഷം ജോലി രാജിവച്ചു.

പരിശുദ്ധ പത്രോസ് തൃതീയൻ ബാവാ നാസിറിയെക്കുറിച്ചറിഞ്ഞപ്പോൾ, നാല്പത് സഹദേന്മാരുടെ നാമത്തിലുള്ള സ്കൂളിൽ ചേർന്ന് ദൈവശാസ്ത്രവിഷയങ്ങൾ പഠിക്കുന്നതിന്

നിർദ്ദേശിച്ചു. ഏറ്റവും സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു നാസിറി.

1887ൽ (20 വയസ്സുള്ളപ്പോൾ) പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888ൽ ഏലിയാസ് ശെമ്മാശനെ ശർവോയൊ റമ്പാനാക്കി. തുടർന്ന് അന്ത്യോഖ്യാ സിംഹാസന ആസ്ഥാനമായ കുർക്കുമ ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892ൽ പരിശുദ്ധ പത്രോസ് തൃതീയൻ ബാവായിൽനിന്ന് കശീശാ പട്ടം സ്വീകരിച്ചു. പരിശുദ്ധ ബാവായുടെ സ്വകാര്യകാര്യദർശിയെന്ന നിലയിൽ ചുമതലകൾ നിറവേറ്റിയ ഏലിയാസ് കശീശ മർദ്ദീനിന് അടുത്തുള്ള ആമീദ് (ഡയർബക്കർ) മഹാഇടവകയുടെ ചുമതലകൾ കുറച്ചുനാൾ നിർവ്വഹിച്ചു. പരിശുദ്ധ പത്രോസ് തൃതീയൻ ബാവാ (മുളന്തുരുത്തി സുന്നഹദോസ് 1876ൽ വിളിച്ചു ചേർത്ത ബാവാ) 1894ൽ കാലംചെയ്തപ്പോൾ ആമീദിലെ ചുമതലകൾ വിട്ട് ഏലിയാസ് കശീശ കുർക്കുമ ദയറായിലേക്കു തിരിച്ചു വന്നു.

1895ൽ പരിശുദ്ധ അബ്ദുൾ മശിഹാ പാത്രിയർക്കീസ് ബാവാ, ഷെരിയായിലെയും 1899ൽ തുറബ്ദീനിലുള്ള (ടർക്കി) മിദിയാത്തിലെയും ഭദ്രാസന ഇടവകകളിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏലിയാസ് കശീശായെ നിയോഗിച്ചു.

അന്നത്തെ തുർക്കി ഗവൺമെന്റ് അർമ്മേനിയൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, ഏഴായിരത്തിലധികം അർമ്മേനിയൻ ക്രിസ്ത്യാനികൾക്ക് വി. കുര്യാക്കോസിന്റെ ദയറായിൽ അഭയം നൽകിയത് ഏലിയാസ് കശീശായായിരുന്നു. അർമ്മേനിയൻ ക്രിസ്ത്യാനികൾക്കു ചെയ്തുകൊടുത്ത സഹായങ്ങൾ ഏറെ പ്രശംസിക്കപ്പെട്ടു.

പിന്നീട് കുറിയാക്കോസ് ദയറായുടെയും കുർക്കുമ ദയറായുടെയും തലവനായി അദ്ദേഹം നിയമിതനായി. ആ കാലഘട്ടത്തിൽ സ്ഥലങ്ങൾ വാങ്ങുകയും സ്കൂളുകൾ,

പള്ളികൾ, ആശുപത്രികൾ എന്നിവ പണിയിക്കുകയും ചെയ്തു. ഏലിയാസ് കശീശായുടെ പ്രവർത്തനങ്ങൾ മൂലം ടർക്കിയിൽ അദ്ദേഹം പ്രസിദ്ധനാകുകയും ചെയ്തു.

41 വയസ്സുള്ളപ്പോൾ (1908ൽ) പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ ഏലിയാസ് കശീശായെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസ് ഏലിയാസ് ബാവാ ഡയർബക്കർ ഭദ്രാസനത്തിന്റെ ചുമതലകൾ (1908-1911) നിർവ്വഹിച്ചു. (ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവ, ഈവാനിയോസ് മെത്രാപ്പോലിത്തായോടൊപ്പമാണ് പട്ടമേറ്റത്). 1912ൽ മൂസലിന്റെ (Mosul, Iraq) മെത്രാപ്പോലീത്തയായി നിയമിതനായി.

1915ൽ നവംബർ 26-ാം തീയതി അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് ബാവാ കാലംചെയ്തതിനെ തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലീത്താ പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. 1917ൽ പാത്രിയർക്കാ സ്ഥാനാരോഹണം നടന്നു. തുർക്കി സുൽത്താനായ മുഹമ്മദ് റഷീദ്, പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായ്ക്ക് ഫർമാൻ (അധികാരപത്രം) കൊടുത്തു. 1919ൽ പരിശുദ്ധ ബാവാ ടർക്കിയുടെ അന്നത്തെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ സന്ദർശിക്കുകയും ടർക്കി സുൽത്താൻ, പരിശുദ്ധ ബാവായ്ക്ക്, ഉസ്മാനിയ മെഡൽ സമ്മാനിക്കുകയും ചെയ്തു. 1922ൽ യെരുശലേമിൽ എഴുന്നെള്ളി ഏതാനും മാസങ്ങൾ താമസിച്ചു. ഈ കാലഘട്ടത്തിലാണ് ടർക്കിയിൽ ആഭ്യന്തര കലാപം ഉണ്ടായത്. തുടർന്ന് രാജഭരണം മാറി ജനാധിപത്യഭരണക്രമമനുസരിച്ച് ഗാസി മുസ്തഫാ കെമാൽ പാഷ അധികാരത്തിലെത്തി.

പരിശുദ്ധ ബാവാ യെരൂശലേമിൽ ഒരു മുദ്രാലയം സ്ഥാപിക്കുകയും അവിടെനിന്ന് അറബിയിലും സുറിയാനിയിലും മാസികകളും, ആഴ്ചപ്പതിപ്പുകളും പ്രസിദ്ധീകരിക്കുന്നതിന്

ആരംഭിക്കുകയും ചെയ്തു. 1923ൽ മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായെ (അന്ത്യോഖ്യാ സിംഹാസന പ്രതിനിധി) വാഴിച്ചു. 1927ൽ (നവംബർ 11) മലങ്കര സഭയ്ക്കുവേണ്ടി പരിശുദ്ധ ബാവാ വാഴിച്ച മെത്രാപ്പോലീത്തന്മാരാണ് ക്നാനായ സമുദായത്തിന്റെ മോർ ദീയസ് കോറോസ് തോമസ്, മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമെന്നറിയപ്പെട്ട പുണ്യശ്ലോകനായ മോർ ദീവന്നാസിയോസ് മീഖായേൽ എന്നിവർ.

മലങ്കരസഭയിലെ കക്ഷിവഴക്കിനു പരിഹാരം കാണുന്നതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എഴുന്നെള്ളുകയോ ഒരു പ്രതിനിധിയെ അയയ്ക്കുകയോ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് അന്നത്തെ ഇൻഡ്യൻ വൈസ്രോയി ഇർവ്വിൻ പ്രഭു 1930 ഡിസംബർ 1ന് പരിശുദ്ധ ബാവായ്ക്ക് ഒരു ക്ഷണക്കത്തയച്ചു. പരിശുദ്ധ ബാവാ ചില ഉപാധികളോടെ ക്ഷണക്കത്തു സ്വീകരിച്ചുകൊണ്ട് ഡിസംബർ 15ന് മറുപടി അയച്ചു.

ഹൃദ്രോഗബാധിതനായിരുന്ന പരിശുദ്ധ ബാവാ ഇൻഡ്യയിലേക്ക് യാത്ര ചെയ്യുന്നത് അഭിലഷണീയമല്ലെന്ന് ഡോക്ടർമാർ ഉപദേശിച്ചു. 75 വയസ്സുണ്ടായിരുന്ന മൂത്ത സഹോദരിയും പരിശുദ്ധ ബാവാ യാത്രചെയ്യരുതെന്ന് കണ്ണീരോടെ അപേക്ഷിച്ചു. പരിശുദ്ധ ബാവായുടെ മറുപടി ശ്രദ്ധേയമായിരുന്നു. ‘‘നാം ഇവിടെ തന്നെ താമസിച്ചാലും ഒരു ദിവസം മരിക്കും. നാം ഇൻഡ്യയിലായിരിക്കുമ്പോൾ മരിച്ചെന്നു വരാം. നാം മലങ്കരയിലെ നമ്മുടെ മക്കൾക്കുവേണ്ടി നമ്മുടെ ജീവനെ ബലി കഴിക്കുന്നു.’’

പരിശുദ്ധ ബാവാ 1931 ഫെബ്രുവരി 6–ാം തീയതി മൂസലിൽ നിന്ന് യാത്ര തിരിച്ചു. യാത്രയിൽ മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി മെത്രാപ്പോലീത്ത, വന്ദ്യ കുറിയാക്കോസ് റമ്പാച്ചൻ (പിന്നീട് മോർ ഒസ്താത്തിയോസ് കുറിയാക്കോസ്), വന്ദ്യ യേശു ശമുവേൽ റമ്പാച്ചൻ (പിന്നീട് അമേരിക്കയിലെ ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസ് യേശു ശമുവേൽ),

സെക്രട്ടറി സഖറിയ ഷാക്കീർ, പരിഭാഷകനായ ഏലിയാസ് ഖദൂരി വക്കീൽ എന്നിവർ ബാവായെ അനുഗമിച്ചു.

പരിശുദ്ധ ബാവായും സംഘവും 1931 ഫെബ്രുവരി 28ന് ബസ്രാ തുറമുഖത്തു നിന്ന് 'വാർസോവാ' എന്ന കപ്പലിൽ ഇൻഡ്യയിലേക്ക് യാത്ര തിരിച്ചു. 1931 മാർച്ച് 5ന് കറാച്ചി യിൽ കപ്പലിറങ്ങി. ബാവായെ സ്വീകരിക്കുന്നതിന് അന്നത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ, ആലുവായിലെ മോർ അത്താനാസിയോസ് വലിയ തിരുമേനി എന്നിവരും, കശീശന്മാരും, ശെമ്മാശന്മാരും, വിശ്വാസികളും എത്തിയിരുന്നു. പരിശുദ്ധ ബാവാ 1931 മാർച്ച് 6 -ാം തീയതി കറാച്ചിയിൽ നിന്ന് ട്രെയിൻ മാർഗ്ഗം യാത്ര ചെയ്ത് 8-ാം തീയതി ഡൽഹിയിലെത്തി വൈസ്രോയിയെ സന്ദർശിച്ചു. 12-ാം തീയതി മദ്രാസിലെത്തി ഗവർണർ, സർ ജോർജ്ജ് സ്റ്റാൻലിയെ സന്ദർശിച്ച്, മാർച്ച് 21-ാം തീയതി ആലുവായിലെത്തി. 1931 മാർച്ച് 22-ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ പരിശുദ്ധ ബാവാ വി. ബലിയർപ്പിച്ചു.

മലങ്കരയിലെ നിരവധി പള്ളികൾ സന്ദർശിച്ച ബാവാ 1931-ലെ കഷ്ടാനുഭവ ശുശ്രൂഷകൾ കരിങ്ങാച്ചിറ പള്ളിയിൽ നിർവ്വ ഹിച്ചു. 1931 ജൂലൈ 5-ാം തീയതി കുറുപ്പംപടി പള്ളിയിൽ പള്ളി പ്രതിപുരുഷയോഗം ചേർന്നു. പാണമ്പടി പള്ളി ഒന്നിലധികം തവണ സന്ദർശിക്കുകയും രണ്ടു മാസത്തിലധികം അവിടെ താമസിക്കുകയും ചെയ്തു. 1932ലെ ദനഹാ ശുശ്രൂഷകൾ പാക്കിൽ സെന്റ് തോമസ് പള്ളിയിലാണ് നിർവ്വഹിച്ചത്.

1932 ഫെബ്രുവരി 11-ാം തീയതി മഞ്ഞിനിക്കര മോർ സ്തേഫാനോസ് പള്ളിയിലെ ക്ഷണപ്രകാരം അവിടെ എത്തി. സമാധാനശ്രമങ്ങൾ ഫലപ്രാപ്തിയിലെത്താത്തതി നാലുള്ള മനഃക്ലേശത്താലും, ദീർഘയാത്രയാലും പരിശുദ്ധ ബാവാ ക്ഷീണിതനായി.

കല്ലിശ്ശേരി പള്ളിയിൽ നിന്നും ഓമല്ലൂർ പള്ളിയിലേക്കുള്ള യാത്രയിലും ഓമല്ലൂരിലും, ബഹുമാനപ്പെട്ട ഇലവിനാമണ്ണിൽ

കുറിയാക്കോസ് കശീശാ വിപുലമായ സ്വീകരണക്രമീകരണങ്ങളാണ് ചെയ്തിരുന്നത്. മഞ്ഞിനിക്കരയിലെത്തിയ ബാവാ, ''ഇവിടുത്തെ താമസം നമുക്കു വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നുവെന്നു കല്പിച്ചു''. ഫെബ്രുവരി 12-ാം തീയതി പരിശുദ്ധ ബാവായെ സന്ദർശിക്കാനെത്തിയ പട്ടക്കാരോട് ''ഇന്ന് നിങ്ങളാരും പോകരുത്. രണ്ടു ദിവസം എന്നോടുകൂടെ താമസിക്കരുതോ?'' എന്നു കല്പിച്ചു. അന്നു വൈകിട്ടു മെത്രാപ്പോലീത്തന്മാർ താമസിക്കുന്ന പള്ളിക്കു വടക്കുവശത്തുള്ള ഷെഡിൽ കന്തീലായുടെ (തൈലാഭിഷേക ശുശ്രൂഷയുടെ) പലഭാഗങ്ങളും ചൊല്ലികേൾപ്പിക്കുകയും, നിദ്രപ്രാപിക്കുന്നവരെ സംബന്ധിച്ച് പരാമർശിക്കുകയും ചെയ്തു.

ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ബാവാ കല്പിച്ച പ്രകാരം മോർ ക്ലീമിസ് യൂഹാനോൻ അബ്വാച്ചി, വിശുദ്ധ കുർബ്ബാനയർപ്പിച്ചു. പരിശുദ്ധ ബാവാ വിശുദ്ധ കുർബ്ബാന മധ്യേ പ്രസംഗിച്ചു. മധ്യാഹ്നപ്രാർത്ഥനയ്ക്കുശേഷം ഭക്ഷണം കഴിച്ചു. പിന്നീട് പതിവു തെറ്റിക്കാതെ ഡയറിയെഴുതാനാരംഭിച്ചു. ഡയറി എഴുതുന്നതിനിടയിൽ ഒരു പദത്തെക്കുറിച്ചു സംശയനിവാരണം വരുത്തുന്നതിനായി നിഘണ്ടു ആവശ്യപ്പെട്ടു. ഡയറിയെഴുതി കഴിഞ്ഞ് ഉലാത്തുമ്പോൾ തലവേദന തോന്നി ''എന്റെ തല എന്റെ തല'' എന്നിങ്ങനെ പറഞ്ഞു. റമ്പാച്ചന്മാർ അടുത്തെത്തിയപ്പോൾ കുഴയുന്നതു പോലെ തോന്നിയതിനാൽ താങ്ങി മെത്തയിൽ കിടത്തി. പരിശുദ്ധ ബാവാ നിത്യതയിലേക്കു യാത്രയായി. അപ്പോൾ ഉച്ചകഴിഞ്ഞ് രണ്ടര മണിയായിരുന്നു.

പരിശുദ്ധ ബാവായുടെ കബറടക്കസ്ഥലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ടായെങ്കിലും സ്തേഫാനോസ് പള്ളിക്കു വടക്കുവശത്തുള്ള സ്ഥലം അന്ത്യോഖ്യാ സിംഹാസനത്തിലേക്കെഴുതി അവിടെ കബർ പണിതു. ഫെബ്രുവരി 14-ാം തീയതി പരിശുദ്ധന്റെ കബറടക്ക ശുശ്രൂഷ നടന്നു.

പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ കല്പനപ്രകാരം (E 265 / 87) മഞ്ഞിനിക്കര ബാവായുടെ പേര് വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ ചേർത്തു. ഈ പരിശുദ്ധന്റെ കബറിടം സ്ഥിതിചെയ്യുന്നതിനോട് ചേർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് നൂറോനൊയുടെ നാമത്തിൽ പള്ളി പണികഴിപ്പിച്ചു. ഈ പരിശുദ്ധന്റെ ഓർമ്മ പെരുന്നാൾ ഫെബ്രുവരി 13-ാം തീയതി സഭ ആഘോഷിക്കുന്നു.

# അന്ത്യോഖ്യാ പ്രതിനിധി
# മോർ യൂലിയോസ് ഏലിയാസ് ബാവാ
### (ഏ. ഡി. 1881 - 1962)

ഏലിയാസ് 1881 ആഗസ്റ്റ് 1-ാം തീയതി ടർക്കിയിലെ മർദ്ദീൻ പട്ടണത്തിൽ ജനിച്ചു. പിതാവിന്റെ പേര് മല്ക്കെ കോറെ എന്നായിരുന്നു. മർദ്ദീനിലെ നാല്പതു സഹദേന്മാരുടെ വിദ്യാലയത്തിലാണ് പഠനം നടത്തിയത്.

1902ൽ ഏലിയാസ് കുർക്കുമ ദയറായിൽ ചേർന്നു. 1905 ജൂൺ 16-ാം തീയതി ഏലിയാസിന് മൂസലിലെ മോർ ദിവന്നാസിയോസ് ബഹനാം മെത്രാപ്പോലീത്താ (24 വയസ്സുള്ളപ്പോൾ) ദയറാവസ്ത്രം നൽകി. 1906ൽ പ. ഇഗ്നാത്തിയോസ് അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറിയായി നിയമിതനായി. 27-ാം വയസ്സിൽ കശീശ്ശാപട്ടമേറ്റു. 1908 മുതൽ 1911 വരെയുള്ള കാലഘട്ടത്തിൽ പ. അബ്ദേദ് ആലോഹോ രണ്ടാമൻ ബാവായോടൊപ്പം യെരുശലേം, ലണ്ടൻ, ഇന്ത്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. 1909 സെപ്റ്റംബർ മാസം 24-ാം തീയതി വന്ദ്യ ഏലിയാസ് റമ്പാൻ പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം മലങ്കരയിൽ വന്നു. 1911 ഒക്ടോബർ മാസം 14-ാം തീയതി മലങ്കരയിൽനിന്ന് തിരിച്ചുപോയി. 1911ൽ പ. അബ്ദുള്ളാ ബാവാ ഏലിയാസ് റമ്പാച്ചനെ മർദ്ദീനിലെ ദയറായുടെ തലവനായും അവിടുത്തെ പ്രസ്സിന്റെ മാനേജരായും നിയമിച്ചു. സുൽത്താൻ മുഹമ്മദ് റഷാദ്, റമ്പാച്ചന് ഒരു മെഡൽ നൽകി ആദരിച്ചു.

ഏലിയാസ് റമ്പാച്ചനെ 1923 സെപ്റ്റംബർ 23-ാം തീയതി മർദ്ദീനിലെ നാല്പതു സഹദേന്മാരുടെ പള്ളിയിൽവച്ച് പ. ഏലി

യാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മോർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ച് മലങ്കരയിലേക്കയച്ചു. നവാഭിഷിക്തനായ മോർ യൂലിയോസ് ഏലിയാസ് ബാവാ 1923 ഒക്ടോബർ 22-ാം തീയതി മലങ്കരയിൽ എത്തി.

1926 സെപ്റ്റംബർ 30-ാം തീയതി മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ബ. മീഖായേൽ അച്ചനെയും ബ. ഒറ്റത്തെക്കൽ തോമസച്ചനെയും ഊർശ്ലേമിലേക്കു കൂട്ടിക്കൊണ്ടുപോയത് യൂലിയോസ് ബാവായായിരുന്നു. 1927ൽ അന്നത്തെ അന്ത്യോഖ്യാ സിംഹാസനപ്രതിനിധിയായിരുന്ന പ. മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ സഹായിയായി നിയമിക്കപ്പെട്ടു. പ. ഒസ്താത്തിയോസ് ബാവാ കാലംചെയ്തപ്പോൾ, 1930ൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി നിയമിക്കപ്പെട്ടു.

1931 മാർച്ച് 5-ാം തീയതി പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശനാർത്ഥം കറാച്ചിയിലെത്തിയപ്പോൾ വിശ്വാസസംരക്ഷകൻ എന്നറിയപ്പെട്ട മോർ അത്താനാസിയോസ് തിരുമേനിയോടൊപ്പം മോർ യൂലിയോസ് ഏലിയാസ് ബാവായും സന്നിഹിതനായിരുന്നു. 1932-ൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ കാലംചെയ്ത ശേഷം ബാവായുടെ കബർ പണിയുന്നതിനും ദയറാപള്ളി പണിയുന്നതിനും നേതൃത്വം നൽകി. കുന്നംകുളം, മലേക്കുരിശ്, കോട്ടയം സിംഹാസന പള്ളികൾക്ക് പള്ളികെട്ടിടങ്ങൾ പണി കഴിപ്പിക്കുകയും തുമ്പമൺ, പെരുമ്പള്ളി, കല്ലുങ്കത്ര, ആലപ്പുഴ, പാമ്പാടി എന്നീ സിംഹാസനപള്ളികൾ സ്ഥാപിക്കുകയും ചെയ്തു.

പ. ഏലിയാസ് തൃതീയൻ ബാവ, അഫ്രേം പ്രഥമൻ ബാവ, പ. യാക്കോബ് തൃതീയൻ ബാവ എന്നീ പരിശുദ്ധ പാത്രിയർക്കീസന്മാരുടെ കാലഘട്ടങ്ങളിൽ മോർ യൂലിയോസ് ബാവാ മെത്രാപ്പോലീത്തയായിരുന്നു. 1932 ഒക്ടോബർ 21-ാം തീയതി ഹോംസിൽ കൂടിയ സുന്നഹദോസിൽ പങ്കെടുക്കുന്നതിനായി യാത്ര പുറപ്പെട്ടു. 1933 ജനുവരി 6-ാം തീയതി ഹോംസിലെ സുന്നഹദോസിൽ പങ്കെടുത്തു. 1933 ഡിസംബർ 17-ാം

തീയതി വന്ദ്യ അബ്ദുൾ ആഹാദ് റമ്പാനുമായി കേരളത്തിൽ തിരിച്ചെത്തി. അബ്ദുൾ ആഹാദ് റമ്പാച്ചൻ (പിന്നീട് പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ) 1933 മുതൽ 1946 വരെ മഞ്ഞിനിക്കരയിൽ താമസിച്ചിരുന്നു. 1934ൽ റമ്പാച്ചന് കശീശ്ശാപട്ടം നൽകിയത് മോർ യൂലിയോസ് ബാവായാണ്.

1951ൽ വന്ദ്യ മോശ സലാമ റമ്പാച്ചൻ (പിന്നീട് തെക്കേ അമേരിക്കൻ ഭദ്രാസനത്തിന്റെ മോർ ക്രിസോസ്റ്റമോസ് മോശ സലാമ മെത്രാപ്പോലീത്ത, d. 1996) മഞ്ഞനിക്കരയിൽ എത്തിച്ചേർന്ന് വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചു. 1952 സെപ്റ്റംബർ 11-ാം തീയതി മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട പി. ജെ. പൗലോസ് കശീശയുമായി (പിന്നീട് ശ്രേഷ്ഠ മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ) പാത്രിയർക്കാ അരമനയിലേക്ക് പോയി. ഹോംസിൽവച്ച് ബഹു. പൗലോസ് കശീശായെ മോർ ഫീലക്സിനോസ് പൗലോസ് എന്ന പേരിൽ സ്ഥാനാഭിഷേകം ചെയ്തശേഷം 1953 ജനുവരി 15-ാം തീയതി മടങ്ങി വന്നു. 1954 നവംബർ 1-ാം തീയതി പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കബർ പുതുക്കിപണിയുന്നതിന് ആരംഭിച്ചു.

പ. അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കരസഭയുമായുള്ള ബന്ധം നിലനിർത്തുന്നതിന് മോർ യൂലിയോസ് ബാവാ ചെയ്ത സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടും. 1958ലെ സമാധാന കല്പനയെ തുടർന്ന് കുന്നംകുളം സിംഹാസനപള്ളിയിലുണ്ടായ തർക്കത്തെ തുടർന്ന് മോർ യൂലിയോസ് ബാവാ അറസ്റ്റ് ചെയ്യപ്പെട്ടു. ഇന്ന് കുന്നംകുളം സിംഹാസനപള്ളി പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഭരണത്തിലിരിക്കുന്നത് ബാവായുടെ പരിശ്രമഫലമായാണ്. വൈദികരുടെ വിദ്യാഭ്യാസത്തിൽ ഏറെ ശ്രദ്ധിച്ചിരുന്ന മോർ യൂലിയോസ് ബാവായുടെ കാലഘട്ടത്തിൽ മഞ്ഞിനിക്കരയിൽ പഠിച്ചവർക്ക് ലഭിച്ച ശിക്ഷണം വിലമതിക്കാനാവാത്തതാണ്.

**അന്ത്യനാളുകൾ**[2]

1962 ജനുവരി 8-ാം തീയതി വന്ദ്യ അഫ്രേം പൗലോസ് റമ്പാച്ചൻ മഞ്ഞനിക്കര സെന്റ് സ്തേഫാനോസ് പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. അന്ന് പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവാ അന്ത്യപ്രസംഗം നടത്തി. 1962 ജനുവരി 10-ാം തീയതി അഭിവന്ദ്യരായ മോർ ഫീലക്സിനോസ് പൗലോസ്, മോർ ക്ലീമീസ് ഏബ്രഹാം, മോർ ഗ്രീഗോറിയോസ് വയലിപ്പറമ്പിൽ എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ മോർ യൂലിയോസ് ബാവായ്ക്ക് തൈലാഭിഷേക ശുശ്രൂഷ നടത്തി. തുടർന്ന് ക്ഷീണിതനായ ബാവാ 1962 ഫെബ്രുവരിയിലെ മോറാൻ ഏലിയാസ് ബാവായുടെ പെരുന്നാളിന്റെ സമയത്ത് രോഗാവസ്ഥയിലായിരുന്നു. 1962 ഫെബ്രുവരി 17-ാം തീയതി മോർ ഫീലക്സിനോസ് പൗലോസ് തിരുമേനി വിശുദ്ധ കുർബാന അർപ്പിക്കുകയും മോർ യൂലിയോസ് ഏലിയാസ് ബാവാ വിശുദ്ധ കുർബാന അനുഭവിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കെ.വി. കുര്യാക്കോസ് അച്ചൻ (പിന്നീട് മോർ യൂലിയോസ് കുര്യാക്കോസ് തിരുമേനി) ബാവായെ ഈ നാളുകളിലെല്ലാം ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

39 വർഷം അന്ത്യോഖ്യാ പ്രതിനിധിയെന്ന നിലയിൽ ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ച ബാവ 1962 ഫെബ്രുവരി 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30ന് മഞ്ഞിനിക്കര ദയറായിൽവച്ച് കാലംചെയ്തു. ബാവാ നേരത്തെതന്നെ തയ്യാറാക്കിയിരുന്ന കല്ലറയിൽ ചൊവ്വാഴ്ച കബറടക്കപ്പെട്ടു. പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ ഓർമ്മ പെരുന്നാൾ ഫെബ്രുവരി 19-ാം തീയതി സഭ ആഘോഷിക്കുന്നു.

---

2 *തുലാക്കുളത്തിൽ ബഹുമാനപ്പെട്ട ടി. ജെ. ഏബ്രഹാം മൽപ്പാനച്ചൻ ലേഖകന്റെ പിതാവ് ശ്രീ. കെ. വി. മാണിക്കയച്ച കത്തിൽനിന്നാണ് ഈ വിശദാംശങ്ങൾ ചേർത്തിരിക്കുന്നത്*

## References


Aphrem I Barsaum (2000). *The history of Syriac literature and sciences*. (Mathi Moosa, Trans.) Pueblo: Passeggiate Press.

Aphrem Paulose Ramban (1964). *Sheemakkaraya Pithakkanmar* (Fr. T. J. Abraham, Trans.). Manjanikkara: Mor Ignatius Dayara.

Bar Ebroyo (1994). *Hoodaya Canon* (3rd ed.). (V. Rev. Yacob Ramban, Trans.) Mulanthuruthy: Seminary Publications.

Curian corepiscopa (1982). *Suriyani Sabha.* Thiruvalla: Chev. K.T. Alexander Kaniyanthra.

Curien Corepiscopa Kaniamparambil (2003). *AnjuParisudhanmar.* Thiruvalla: Author.

http://sor.eua.edu.

Philip, E. M. (1992). *Marthomasleehayude Indian Sabha*. Mulamthuruthy: Seminary Publications.

Philip, E. M. (1993). *Malankarasabhayude Rehasya Pedakam*. Kottayam: Edavazhikkal E. A. Philip.

Rajan, K. M. (2007a). *Martyrs, Saints & Prelates of the Syriac Orthodox Church* (Vol. I). Kottayam: The Travancore Syriac Orthodox Publishers.

Rajan, K. M. (Ed.). (2007b). *Angel of peace* - Platinum Jubilee Souvenir of St. Elias III. Manjinikkara: Mor Ignatius Dayro Cathedral.

Rajan, K. M. (2010). *Parishudda Manjinikkara Bavayude Malankara Sandharshanam*. Kottayam: The Travancore Syriac Orthodox Publishers.

Stephen, J. P., Chevalier (2006). *Meghapalikalkkappuram*. Ranny: Author.

Varghese, K. V. (1998). *Vishudda Yeldho Mor Baselius Bavayude Jeevacharithram* (4th ed.). Pandalam: K. G. Books.

Yacob III, Ignatius H. H. (1958). *History of the Syrian Church in India*. Aleppo: Syrian Orthodox Diocese.

# Name Index


Ahathulla, ........................................................................1

Anthrayose, Kallada..............................................................11

Athanasius Shem'un ..............................................................34

Baselios Shakr Allah III ........................................................19

Baselios Yeldho Maphrian ......................................................7

Coorilos Yuyakkim ...............................................................29

Gregorius Abdul Jaleel............................................................4

Gregorius Yuhanon ...............................................................23

Ignatius Elias III Shakir .........................................................44

Ivanios Hidayathulla .............................................................14

Ivanios Yuhanon....................................................................26

Julios Elias Qoro ...................................................................51

Osthatheos Sleeba .................................................................37

## Books by the Author


1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead*. New Delhi: NIEPA.
6. Rajan, K. M. (2003).*സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും*. (Vol. I) Trivandrum: Lotus Publications.
7. Rajan, K. M. (2004). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.
9. Rajan, K. M. (2006). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I) Kottayam: The Travancore Syriac Orthodox Publishers.
11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.
12. Rajan, K. M. (2009). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IV). Trivandrum: Lotus Publications.
13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.
14. Rajan, K. M. (2011). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. V). Kottayam: The Travancore Syriac Orthodox Publishers.
15. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II) Kottayam: The Travancore Syriac Orthodox Publishers.
16. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III) Kottayam: The Travancore Syriac Orthodox Publishers.
17. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV) Puthencruz: J.S. C. Publications.
18. Rajan, K. M. (2016). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.
19. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V) Puthencruz: J.S. C. Publications.

20. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VII). Puthencruz: J.S. C. Publications..

21. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VIII). Puthencruz: J.S. C. Publications.

22. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J.S. C. Publications.

23. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J.S. C. Publications.

24. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume) Puthencruz: J.S. C. Publications.

25. Rajan, K. M. (2017). *Renowned Ascetics: Their Lives & Practices.* Puthencruz: J.S. C. Publications.

26. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും (250 ജീവചരിതം).* Puthencruz: J.S. C. Publications.

27. Rajan, K. M. (2017). *വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും*. Puthencruz: J.S. C. Publications.

28. Rajan, K. M. (2017). *മലങ്കരയിൽ കബറടങ്ങിയ സുറിയാനിക്കാരായ പിതാക്കന്മാർ*. Puthencruz: J.S. C. Publications.

## Books Compiled, Edited & Reprinted

1. *മോർ അന്തോണിയോസിന്റെ ജീവചരിത്രം.* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT

2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED

3. *നിദ്രപ്രാപിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ക്രമങ്ങളും*. (2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED

4. *സുറിയാനിസഭ പെരുന്നാൾ വിശേഷദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാവുന്ന ഗീതങ്ങൾ.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED

5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED

6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT

7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT

# ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവാ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽനിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989–1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസന പള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994–2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009–2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-V) സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I - VIII) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com